# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 34 ലക്കം മാർച്ച് 2016 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

പുഞ്ചിരി സൗഹൃദം
സൃഷ്ടിക്കുന്നതാകയാൽ
എപ്പോഴും പുഞ്ചിരിക്കാൻ
അറിഞ്ഞിരിക്കണം.


പരസ്പര
ബന്ധത്തിൽ
പുതുമയുളവാക്കുന്ന,
ധൈര്യപ്പെടുത്തുന്ന,
അനുരഞ്ജിപ്പിക്കുന്ന,
താങ്ങുന്ന,
പ്രതീക്ഷ നല്കുന്ന
സംസാരവും നോട്ടവും
ശ്രവണവും
നിശബ്ദതയും
സംവഹിക്കുന്നവരാകുക

നീ ഐക്യം ആഗ്രഹിക്കുന്നുവെങ്കിൽ
മറ്റുള്ളവരുടെ നേർക്ക് ഒന്നല്ല, ഒമ്പതല്ല,
നൂറു ചുവടുകൾ നീ തന്നെ വയ്ക്കുക.
നിനക്ക് പുഞ്ചിരി സമ്മാനിക്കുകയോ
നീയുമായി സംഭാഷണം നടത്തുകയോ
ചെയ്യാൻ തുനിയാതെ നിന്നെ
വിഷമിപ്പിച്ചവരോട് എല്ലാം മറന്ന്
നീ പെരുമാറുക

ദൈവത്തെ അവതരിപ്പിക്കുന്ന
മാധ്യമങ്ങളിലൊന്നാണ് നമ്മുടെ ജീവിതം

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 34 ഉയിർപ്പ് ലക്കം മാർച്ച് 2016



"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

## ഉള്ളടക്കം


- പ്രത്യാശയുടെ പ്രഭാപൂരം 05
- ശ്ലൈഹികാധികാരികതയുള്ള ജീവിതം 08
- ഉത്ഥിതൻ നല്കുന്ന പ്രത്യാശയിൽ 11
- സ്ലീവാപാത ദൈവകാരുണ്യത്തിന്റെ വിസ്തൃത വീഥി 13
- പരിസ്ഥിതി ശാസ്ത്രവും പൊതുനന്മയും 16
- സെനക്കിൾ തരംഗം 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 18–19
- Let us be Messengers of Divine Mercy 20
- ഉയിർപ്പിന്റെ ഉണർവ് 22
- ഇത് നിങ്ങളാണോ? 25
- സെനക്കിൾ തരംഗം 27
- മണിമുത്തിന്റെ കഥ 28
- സകല വിശുദ്ധരുടെ തിരുനാൾ 30
- 'ശെമയോനേ നീ കോപ്പയാകുന്നു' 32
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34



രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



വാർഷിക വരിസംഖ്യ ₹100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481–2578192**
**Email: psmktm@gmail.com**

എഡിറ്റോറിയൽ

# കാത്തുനിന്ന് സാക്ഷിയാകുക

ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രമായ ഈശോയുടെ ഉത്ഥാനം ധ്യാനവിഷയമാക്കുന്ന ഉയിർപ്പുകാലത്തേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഉത്ഥിതൻ ആദ്യം പ്രത്യക്ഷപ്പെട്ടത് ശ്ലീഹന്മാർക്കല്ല, മഗ്ദലേനമറിയത്തിനാണ് എന്നത് ശ്രദ്ധേയമാണ്. കാരണം അവളാണ് അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ (യോഹ 20,1) ഈശോയുടെ അടുത്തെത്താൻ ആഗ്രഹിച്ചിറങ്ങിയത്. ഇരുട്ടും കാവൽക്കാരോടുള്ള ഭയവും മഗ്ദലേനമറിയത്തിന് ഈശോയുടെ കല്ലറയിലേക്കുള്ള വഴിയിൽ വിഘ്നമായില്ല. ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടതായറിഞ്ഞു വന്ന ശ്ലീഹന്മാരിരുവരും ശൂന്യമായ കല്ലറയും കച്ചയും തൂവാലയും കണ്ട് ഈശോയുടെ ഉത്ഥാനത്തിൽ വിശ്വസിച്ചു തൃപ്തരായി മടങ്ങിപ്പോയപ്പോഴും (യോഹ 20,2-10), മറിയം കാത്തുനിന്നു. ശൂന്യമായ കല്ലറയ്ക്കുമുമ്പിൽ കാത്തുനിന്നവൾക്ക് ഉത്ഥിതൻ ആദ്യദർശനം നല്കുകയും ചെയ്തു.

ശൂന്യമായ അനുഭവങ്ങൾക്കു മുമ്പിലും ദൈവസാന്നിദ്ധ്യത്തിന്റെ നിറവ് അനുഭവപ്പെടണമെങ്കിൽ നാമും കാത്തുനില്ക്കണം; ദൈവത്തിന്റെ സമയത്തിനായി കാത്തുനില്ക്കണം. പ്രതീക്ഷിക്കാൻ ഒരു വകയുമില്ല എന്ന് മാനുഷികബുദ്ധി വിലയിരുത്തുന്നിടത്ത് സർവശക്തനായ ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിക്കുന്നതിന് പ്രത്യാശയോടെ കാത്തിരിക്കണം. കരിമ്പാറകളുടെ മുകളിലും പുല്ലുമുളയ്ക്കാറുണ്ടല്ലോ.

ഇരുട്ടായിരിക്കുമ്പോൾത്തന്നെയാണ് മറിയം ഈശോയെ അന്വേഷിച്ചിറങ്ങിയത്. മാനുഷികബുദ്ധിക്ക് എല്ലാം ഗ്രാഹ്യമാകുന്ന, എല്ലാം പ്രാപ്യമാകുന്ന അവസ്ഥയിൽ മാത്രമല്ല ദൈവത്തിലേക്കു തിരിയേണ്ടത്. ജീവിതത്തിന്റെ ഇരുളുകളിലും ഉത്ഥിതനീശോ നല്കുന്ന പ്രത്യാശയുടെ വെളിച്ചം ദർശിക്കാനാവണം. ഉയിർപ്പുതിരുനാളിന്റെ ആശംസകളോടെ,

**ചീഫ് എഡിറ്റർ**



# പ്രത്യാശയുടെ പ്രഭാപൂരം

**ഫാ. ദേവസ്യാ തുണ്ടിയിൽ**
സെന്റ് മേരീസ് ചർച്ച്, കുടമാളൂർ

"ഇലപൊഴിയും കാലങ്ങൾക്കപ്പുറം
കതിരണിയും കാലമുണ്ടതോർക്കണം
കവിളിലൂടൊഴുകുന്ന കണ്ണീരിനപ്പുറം
പുഞ്ചിരിയുണ്ടെന്നതും ഓർക്കണം"

യാഥാർത്ഥ്യത്തിന്റെ പശിമയുണ്ട് ഈ വരികൾക്ക്. ജീവിതത്തിൽനിന്ന് മറ്റാർക്കും എടുത്തു മാറ്റാൻ കഴിയാത്തതെന്തെങ്കിലുമുണ്ടെങ്കിൽ പ്രത്യാശയ്ക്ക് ആ നിരയിൽ പ്രമുഖസ്ഥാനമുണ്ടാകും. മനുഷ്യമനസ്സിന് പ്രതീക്ഷയുടെ ചക്രവാളങ്ങളിലേക്ക് പറന്നുയരാൻ ഇന്ധനം നൽകുന്ന ചരിത്രസംഭവമാണല്ലോ ഈസ്റ്റർ. ക്രിസ്ത്യാനി തന്റെ ജീവിതത്തിന്റെ നങ്കൂരം ഉറപ്പിക്കേണ്ടത് മിശിഹായുടെ ഉത്ഥാനം സമ്മാനിക്കുന്ന ദൈവികമായ പ്രത്യാശയിലേക്കാണ്.

യുഗപ്രഭാവനായ ഒരു നേതാവിനെ ഈശോയിൽ ദർശിച്ച് സകലതും ഉപേക്ഷിച്ച് അവന്റെ പിന്നാലെ നടന്ന ശിഷ്യന്മാർക്കും, അവനെ സ്നേഹിക്കുകയും അവനാൽ സ്നേഹിക്കപ്പെടുകയും

ചെയ്ത മറ്റനേകർക്കും അവന്റെ മരണം നൽകിയത് നിരാശയുടെ കടലാഴമായിരുന്നു. 'പാറയാകുന്ന നിന്റെമേൽ എന്റെ പള്ളി ഞാൻ പണിയും' എന്നുപറഞ്ഞ് തന്റെ അജഗണത്തെ കർത്താവ് ആർക്കാണോ ഭരമേൽപിച്ചത് ആ പത്രോസിനെ നിരാശയുടെ തീരത്തു നാം കണ്ടുമുട്ടുന്നു. ഗുരുവിന്റെ വേർപാടുനൽകിയ ആഘാതത്തിൽ ഖിന്നരായിരുന്ന ശിഷ്യന്മാരോട് അവൻ പറഞ്ഞു: "ഞാൻ മീൻപിടിക്കാൻ പോവുകയാണ്. അവർ പറഞ്ഞു: ഞങ്ങളും നിന്നോടുകൂടെ വരുന്നു". പ്രത്യാശയുടെ അവസാനകണവും ബാഷ്പമാകുന്നു. വിളിച്ചവന്റെ വാക്കുകേട്ട് വിട്ടുകളഞ്ഞതെല്ലാം അവർ വീണ്ടുമെടുക്കുന്നു. ഗുരു നല്കിയ സ്വപ്നങ്ങളുടെ പൂന്തോട്ടത്തിൽ ഇതളുകൾ ചിതറിക്കിടക്കുന്നു. ആശയറ്റവന്റെ അദ്ധ്വാനമൊക്കെയും പാഴ്വേലയാകുന്നു. ഒടുവിൽ അവർക്കുമീതെ പ്രത്യാശയുടെ നക്ഷത്രമുദിച്ചു: "വലത്തു വശത്തു വലയിറക്കുക". പിന്നെ സമൃദ്ധിയുടെ ഉത്സവം, ആനന്ദത്തിന്റെ ആഘോഷം.

നാഥന്റെ മരണത്തിന്റെ വേദന മനസിലേക്ക് കിനിഞ്ഞിറങ്ങിയപ്പോൾ അവിടുത്തെ വാക്കുകൾ അവർ വിസ്മരിച്ചു. ഒന്നല്ല, മൂന്നു തവണ അവൻ പറഞ്ഞതാണ്, താൻ മരിക്കുമെന്നും മൂന്നാംപക്കം ഉയിർക്കുമെന്നും. ജറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള വഴിയേ മ്ലാനമുഖവുമായി രണ്ടു ശിഷ്യന്മാർ നീങ്ങുന്നു. പ്രതീക്ഷയുടെ ഗിരിശൃംഗത്തിൽ നിന്ന് തങ്ങളെങ്ങനെ നിലംപതിച്ചുവെന്ന് അവർ വിവരിക്കുന്നു. തിരുവെഴുത്തുകളുടെ രഹസ്യം തുറന്ന് അപ്പത്തിന്റെ



വെളിപാടിലൂടെ, ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് അവരെയും കർത്താവ് ചേർക്കുന്നു.

പ്രാണനാഥന്റെ വിയോഗം താങ്ങാനാവാതെ അവന്റെ കബറിടത്തിൽ നിറകണ്ണുകളോടെ നിൽക്കുന്ന മഗ്ദലനക്കാരി മറിയത്തിന്റെ ചിത്രം യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. സർവ്വതും നഷ്ടപ്പെട്ട് വേദനയുടെ പാരമ്യത്തിൽ നിൽക്കുമ്പോൾ മറിയം എന്ന ഒറ്റവിളികൊണ്ട് അവളുടെ പ്രതീക്ഷയുടെ ആകാശത്ത് വർണ വിസ്മയം തീർത്തു ഉത്ഥിതൻ.

ഉത്ഥാനത്തിന് പ്രതീക്ഷയുടെ സുഗന്ധമുണ്ട്. ഓരോ ക്രിസ്ത്യാനിയും ഈ സുഗന്ധത്തിന്റെ കൈവശക്കാരനാണ്. അതുകൊണ്ടാവാം ക്രൈസ്തവന് നിരാശ നിഷിദ്ധമാണെന്നു പറയാറുള്ളത്. മനുഷ്യജീവിതത്തിലെ ഏറ്റവും നിരാശാജനകമായ യാഥാർത്ഥ്യം മരണമാണെങ്കിൽ മരണത്തെയും കാല്ക്കീഴിലാക്കിയവന്റെ പിൻഗാമികൾ പിന്നെയെന്തിനെയാണു ഭയപ്പെടേണ്ടത്. നിരാശ ഒരു ആഗോള പ്രതിഭാസമായി മാറിയിരിക്കുന്നുവെന്നു ഫ്രാൻസീസ് പാപ്പ നിരീക്ഷിക്കുന്നു. മത്സരമേറുന്ന ലോകത്ത് പരാജിതരും ഏറുന്നു. തോറ്റവന്റെ ജീവിതം നിരാശയുടെ മരുഭൂമിയാകുന്നു.

മൂന്നാം ദിനം അരിമത്യാക്കാരൻ ജോസഫിന്റെ തോട്ടത്തിലെ കല്ലറ പ്രത്യാശയുടെ സാക്ഷ്യമായി നിലകൊണ്ടു. നിരാശയ്ക്ക് അവിടെ ചിതയൊരുങ്ങി. ഉത്ഥിതൻ ഒരുക്കുന്ന വിസ്മയം ഇതാണ്. ചുടുകാടിനെ പൂന്തോട്ടമാക്കാൻ അവനേ കഴിയൂ. പ്രത്യാശയുടെ നീർച്ചാലുകളാൽ ആശയറ്റ ജീവിതങ്ങളെ അവൻ നനയ്ക്കുന്നു. ഒരു വ്യവസ്ഥ മാത്രം മരുഭൂമിയെ മലർവാടിയാക്കുന്ന അവന്റെ ദൈവികശക്തിയിൽ പ്രത്യാശയർപ്പിക്കാൻ നീ തയ്യാറാണോ? നിരാശയുടെ കടലിൽ പ്രത്യാശയുടെ തുരുത്തുകളാകാൻ അതു മാത്രം മതിയാകും.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**


**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

സെനക്കിൾ ആദ്ധ്യാത്മികത - 34

# ശ്ലൈഹികാധികാരികതയുള്ള ജീവിതം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

തന്റെ സഭയിൽ ശ്ലൈഹികതയ്ക്ക് അടിസ്ഥാനമിടുന്നതിനുവേണ്ടി ഈശോ തന്റെ ശിഷ്യരിൽ 12 പേരെ തിരഞ്ഞെടുത്ത് അവർക്കു ശ്ലീഹന്മാർ എന്നു പേരുകൊടുത്തു. രാത്രി മുഴുവൻ പ്രാർത്ഥിച്ച് ഒരുങ്ങിയാണ് ഈശോ അതു നിർവഹിച്ചത് (ലൂക്കാ 6,12-16). പരസ്യജീവിതത്തിലുടനീളം അവരെ ശിഷ്യത്വത്തിൽ പരിശീലിപ്പിച്ചതിനുശേഷം തന്റെ ഈലോകജീവിതം അവസാനിപ്പിക്കുന്നതിനുമുമ്പ് സെനക്കിളിൽ അവരോടൊത്തായിരിക്കുവാൻ ഈശോ തീരുമാനിച്ചു (ലൂക്കാ 22,15). സെനക്കിളിൽ ഈശോയോടൊത്തായിരുന്ന ശ്ലീഹന്മാരോടൊപ്പമുണ്ടായിരുന്ന ശിഷ്യസമൂഹത്തിലാണ് ഉത്ഥാനശേഷം പരിശുദ്ധാത്മാവു നല്കപ്പെട്ടതും ആദ്യമായി സഭാസമൂഹം രൂപംകൊണ്ടതും (നട 2,1-13).



## ശ്ലീഹന്മാരോടൊപ്പമുള്ള മിശിഹായുടെ സാന്നിദ്ധ്യം

മിശിഹായിൽനിന്നാണ് സഭ ജന്മംകൊള്ളുന്നതെങ്കിലും അത് അവശ്യം ശ്ലീഹന്മാരിലൂടെയായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. അതുകൊണ്ടാണ് സെനക്കിളിന്റെ രണ്ടു വേദികളിലും -ഈശോയുടെ മഹത്ത്വീകരണത്തിനുമുമ്പും (യോഹ 13-17) മഹത്ത്വീകരണത്തിനുശേഷവും (നട 1-2)- ഈശോ അവരോടൊത്തായിരുന്നത്. എന്നും അവരോടൊത്തുണ്ടായിരിക്കുമെന്ന് ഈശോ വ്യക്തമായി പറഞ്ഞിട്ടുമുണ്ട്: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും" (യോഹ 14,18). ഉത്ഥാനശേഷം അവിടുന്ന് വീണ്ടും ഉറപ്പുകൊടുക്കുന്നു: "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,20).

## ശ്ലീഹന്മാരിലൂടെയുള്ള മിശിഹായുടെ സാന്നിദ്ധ്യം

സഭയിൽ മിശിഹായുടെ സാന്നിദ്ധ്യം യാഥാർത്ഥ്യമാകുന്നത് ശ്ലീഹന്മാരിലൂടെയാണ്. ശ്ലീഹന്മാരുടെ ശ്ലൈഹികമായ പ്രവർത്തനങ്ങളിലൂടെയാണ് സഭയിൽ മിശിഹാ സന്നിഹിതനാകുന്നത്. താൻ അവരോടുകൂടി ലോകാവസാനംവരെയുണ്ടാകും എന്ന വാഗ്ദാനം നല്കുന്നതിനു തൊട്ടുമുമ്പ് അവരോടു പറഞ്ഞ വാക്കുകൾ ഇതു സൂചിപ്പിക്കുന്നുണ്ട്: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28,19). കൂദാശാപരികർമ്മങ്ങളിലൂടെയും സുവിശേഷപ്രബോധനങ്ങളിലൂടെയും ജനതകളെ ശിഷ്യപ്പെടുത്തി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനാണ് ഈശോ ശ്ലീഹന്മാരെ പറഞ്ഞുവിടുന്നത്. അതുകൊണ്ട് മിശിഹായുടെ സാന്നിദ്ധ്യം സഭയിൽ നിലനില്ക്കുന്നത് ശ്ലൈഹിക പിന്തുടർച്ചയുള്ള കൂദാശാപരികർമ്മത്തിലൂടെയും സുവിശേഷ-വചന-പ്രബോധനങ്ങളിലൂടെയും നേതൃത്വശുശ്രൂഷയിലൂടെയുമാണ്.

## കൂദാശാപരികർമ്മത്തിലൂടെയുള്ള സാന്നിദ്ധ്യം

ശ്ലൈഹികമായ കൂദാശാപരികർമ്മത്തിലൂടെ ഈശോ സഭയിൽ സന്നിഹിതനാകുന്നു എന്നതിന്റെ ഒരു സൂചനയാണ് മരണശേഷം ഈശോയുടെ പാർശ്വം പിളർക്കപ്പെട്ടപ്പോൾ രക്തവും വെള്ളവും പുറപ്പെട്ട സംഭവം. സഭാപിതാക്കന്മാരുടെ വ്യാഖ്യാനത്തിൽ രക്തം വിശുദ്ധ കുർബാനയെയും വെള്ളം മാമ്മോദീസായെയും സൂചിപ്പിക്കുന്നു. ഈ രണ്ടു കൂദാശകളുമാണല്ലോ നിരന്തരമായി സഭയ്ക്കു ജന്മം നല്കിക്കൊണ്ടിരിക്കുന്നത്. മിശിഹായുടെ ഹൃദയത്തിൽനിന്നും സഭ ജനിക്കുന്നു എന്നു പറയാം. കുർബാനയെക്കുറിച്ചുള്ള ഈശോയുടെ വാക്കുകൾ ഇവിടെ പ്രസക്തങ്ങളാണ്: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. സജീവനായ പിതാവ് എന്നെ അയയ്ക്കുകയും ഞാൻ പിതാവുമൂലം ജീവിക്കുകയും ചെയ്യുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും" (യോഹ 6,55 -58). സെനക്കിളിൽവച്ച് "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'' (ലൂക്കാ 22,19) എന്ന് അരുളിച്ചെയ്തുകൊണ്ട് പരിശുദ്ധ കുർബാനയുടെ പുനരാവിഷ്ക്കരണം ഈശോ ശ്ലീഹന്മാരെ ഭരമേല്പിച്ചു. അതുകൊണ്ട് ഈശോമിശിഹാ അദൃശ്യനെങ്കിലും ശ്ലൈഹികമായ കൂദാശാപരികർമ്മത്തിലൂടെ സഭയിൽ സദാ സന്നിഹിതനും ജീവദായകനുമാകുന്നു.

## ശ്ലൈഹികപ്രബോധനത്തിലൂടെയുള്ള സാന്നിദ്ധ്യം

"ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ'' (മത്താ 28,19) എന്നു പറഞ്ഞ ഈശോമിശിഹാ ശ്ലൈഹികപ്രബോധനത്തിലൂടെയും സഭയിൽ സന്നിഹിതനാകുന്നു. താൻ എന്താകുന്നുവെന്നും

എന്തായിരുന്നുവെന്നും പിതാവിന്റെ ഇഷ്ടം എങ്ങനെ പ്രാവർത്തികമാക്കിയെന്നും ജനത്തിൽനിന്നും താൻ എന്തെല്ലാം പ്രതീക്ഷിക്കുന്നുവെന്നും നമ്മുടെ കർത്താവീശോമിശിഹാതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഈശോ തന്റെ പരസ്യജീവിതകാലത്ത് ജനത്തോടു പരസ്യമായും ശിഷ്യരോടു സ്വകാര്യമായും ഈ കാര്യങ്ങൾ അവതരിപ്പിച്ചു. തന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ ആയിരിക്കാനും ലോകത്തെ പഠിപ്പിക്കാനുമായിട്ടാണ് ഈശോ പന്ത്രണ്ടുപേരെ പ്രത്യേകം തിരഞ്ഞെടുത്തത്. അവരിലൊരാൾ നഷ്ടപ്പെട്ടപ്പോൾ ആ വിടവു നികത്തുവാൻ "യോഹന്നാന്റെ സ്നാനം മുതൽ സ്വർഗാരോഹണം വരെ ഈശോ അവരോടൊപ്പം സഞ്ചരിച്ച കാലം മുഴുവൻ അവരോടുകൂടെ ഉണ്ടായിരുന്നവരിൽ ഒരുവനെ" (നട 1,22) തിരഞ്ഞെടുത്തതും ഇതിനുവേണ്ടിയായിരുന്നു. ആദിമസഭ ശ്ലൈഹികപ്രബോധനത്തിൽ സദാ താല്പര്യപൂർവം പങ്കുചേർന്നിരുന്ന ഒരു സമൂഹമായിരുന്നു. സഭയുടെ ആരാധനക്രമത്തിൽ വിശുദ്ധ ഗ്രന്ഥം വായിക്കപ്പെടുമ്പോൾ ഉത്ഥിതനായ മിശിഹാതന്നെ സന്നിഹിതനായി നമ്മോടു സംസാരിക്കുകയാണ്. അതുകൊണ്ട് ശ്ലൈഹിക പ്രബോധനത്തിലൂടെയും ശ്ലീഹന്മാരിലൂടെയുള്ള ഈശോയുടെ സാന്നിദ്ധ്യം സഭയിലുണ്ടാകുന്നുണ്ട്.

## ശ്ലൈഹികകൂട്ടായ്മയിലൂടെയുള്ള സാന്നിദ്ധ്യം

സ്വർഗാരോഹണശേഷം ശ്ലീഹന്മാരിലൂടെ മിശിഹാ കൗദാശികമായി സഭയിൽ സന്നിഹിതനാകുന്നതുകൊണ്ട് ചരിത്രത്തിൽനിന്ന് അവിടുന്ന് ഭൗതികമായി അപ്രത്യക്ഷനാകുന്നു. രക്തം ചിന്തി സാക്ഷ്യം നല്കിയ ശ്ലീഹന്മാരെപ്പോലെതന്നെ അവരുടെ പിൻഗാമികളും കാലാകാലങ്ങളിൽ ഈശോമിശിഹായുടെ സാന്നിദ്ധ്യം സഭയിൽ സന്നിഹിതമാക്കുന്നു. സഭയുടെ സത്താപരമായ അടയാളമാണ് ശ്ലൈഹികത. സഭ ശ്ലൈഹികമാകുന്നത് ഓരോ പ്രാദേശികസഭയും മെത്രാന്മാരുടെ പിന്തുടർച്ചയിലൂടെ സഭയുടെ നെടുതൂണുകളായ ശ്ലീഹന്മാരിൽ എത്തിച്ചേരുന്നതുകൊണ്ടു മാത്രമല്ല, ഓരോ ക്രിസ്ത്യാനിയും സഭയിൽ ജനിക്കുന്നത് മെത്രാന്മാരിലും വൈദികരിലും സന്നിഹിതനായിരിക്കുന്ന മിശിഹായുടെ പ്രവർത്തനങ്ങളിലൂടെ ജനിക്കുന്നതുകൊണ്ടുകൂടിയാണ്. ശ്ലൈഹിക കൂട്ടായ്മയിലൂടെയുള്ള മിശിഹായുടെ ഈ സാന്നിദ്ധ്യമാണ് ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്ക് ആധികാരികത നല്കുന്നത്. അതുകൊണ്ട് സഭയുടെ കൂദാശാജീവിതത്തിലും വിശ്വാസപ്രബോധനത്തിലും കൂട്ടായ്മാജീവിതത്തിലും പ്രാർത്ഥനയിലും അടിയുറച്ചു നില്ക്കുന്ന ജീവിതമാണ് ശ്ലൈഹികാധികാരികതയുള്ള ജീവിതം.





# ഉത്ഥിതൻ നല്കുന്ന പ്രത്യാശയിൽ

**സ്റ്റെഫി മംഗലത്തുകുന്നേൽ**

സഹനത്തിലൂടെയും മരണത്തിലൂടെയും കടന്നുപോയ മിശിഹായുടെ ഉത്ഥാനം നിരാശയിലാണ്ട ശിഷ്യന്മാർക്ക് പ്രത്യാശ നൽകുന്ന, പ്രതീക്ഷയുടെ ഉണർവേകുന്ന അനുഭവമായിരുന്നു. മിശിഹായുടെ ഉത്ഥാനം അവരുടെ ജീവിതത്തിലെ വലിയ സന്തോഷമായി മാറി. ജീവിതത്തിൽ എല്ലാം അവസാനിച്ചുവെന്നു തോന്നുന്ന നിരാശയുടെ നിമിഷങ്ങളിലും പ്രത്യാശയോടെ നമുക്കു നോക്കാം ഉത്ഥാനം ചെയ്ത മിശിഹായിലേക്ക്. ഉത്ഥിതനെ കണ്ടുമുട്ടി തങ്ങളുടെ ജീവിതത്തിലെ വലിയ നൊമ്പരത്തെ താഴെയിറക്കി, ആനന്ദത്തിന്റെ കൊടുമുടി കയറിയ ശ്ലീഹന്മാർക്ക് അത് നിത്യമായ ആനന്ദം നല്കുന്ന ഒരവസരമായിരുന്നുവോ? ജീവിതത്തിലനുഭവപ്പെട്ട ഈ 'ഏറ്റം വലിയ ആനന്ദം-പൂർണ്ണമായ സന്തോഷം' ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് നേരിടേണ്ടി വരുന്ന കഠിനമായ പീഡനങ്ങളെ, ജീവൻപോലും ത്യജിക്കേണ്ടിവരുന്ന സന്ദർഭ ങ്ങളെ സ്വീകരിക്കാനുള്ള വെല്ലുവിളിയായിരുന്നു അവരെ സംബന്ധിച്ചിടത്തോളം ഉത്ഥാനവാർത്ത. "അവർ നിങ്ങളെ പിടികൂടുകയും പീഡിപ്പിക്കുകയും ചെയ്യും.

അവരുടെ സിനഗോഗുകളിലും കാരാഗൃഹങ്ങളിലും നിങ്ങളെ ഏല്പിച്ചുകൊടുക്കും. എന്റെ നാമത്തെപ്രതി രാജാക്കന്മാരുടെയും ദേശാധിപതികളുടെയും മുമ്പിൽ അവർ നിങ്ങളെ കൊണ്ടുചെല്ലും. മാതാപിതാക്കന്മാർ, സഹോദരർ, ബന്ധുമിത്രങ്ങൾ, സ്നേഹിതർ എന്നിവർ പോലും നിങ്ങളെ ഒറ്റിക്കൊടുക്കും. അവർ നിങ്ങളിൽ ചിലരെ കൊല്ലുകയും ചെയ്യും. എന്റെ നാമം നിമിത്തം നിങ്ങളെ എല്ലാവരും ദ്വേഷിക്കും" (ലൂക്കാ 21,12-17). ഈശോ മുൻകൂട്ടി വരച്ചുകാണിച്ച ഈ ജീവിതത്തിലേക്കു വേണ്ടുന്ന ശക്തി, നിത്യമായ സമ്മാനം അവർക്കായി കരുതിയിരിക്കുന്നുവെന്ന ഉറപ്പായിരുന്നു അവരെ സംബന്ധിച്ചിടത്തോളം ഉത്ഥാനം.

ഉത്ഥിതനായ മിശിഹായിലാണ് വിശ്വസിക്കുന്നത് എന്ന് ഉറക്കെ പ്രഖ്യാപിക്കാൻ മടിക്കാത്ത നാം ഉത്ഥാനം നല്കുന്ന പ്രത്യാശയിലാണോ ജീവിക്കുന്നത്. ജീവിതത്തിന്റേതായ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടാതെ, വെല്ലുവിളികളെ സധൈര്യം നേരിടാം. എന്തുകൊണ്ട് എന്നതിന് ഉത്തരം ലഭിക്കാത്ത സഹനങ്ങളിൽ സ്ലീവായിൽ നമുക്ക് ഉത്തരം കണ്ടെത്താം. ദൈവം ഇതൊന്നും കാണുന്നില്ലേയെന്ന ചോദ്യം മനസിലുയരുമ്പോൾ നമുക്കോർക്കാം ഈശോ പീഡസഹിച്ച് കുരിശിൽ ദാരുണമായി മരിച്ചതിനുശേഷം മാത്രമാണ് ഉത്ഥിതനായത്. അതുവരെ താൻ ചെയ്ത നന്മകളെല്ലാം മറന്ന് അവനെ ക്രൂശിക്കൂ എന്ന അട്ടഹാസത്തിന്റെ മധ്യേ (കുരിശുചുമന്നു നടന്നു നീങ്ങുമ്പോൾ) നിരാശയിലാഴാതെ കുരിശുചുമക്കാൻ ഈശോയ്ക്ക് ആത്മധൈര്യം നൽകിയത് ഉത്ഥാനത്തിലുള്ള പ്രത്യാശയാണ്.

ദൈവം അറിയാതെ ആരുടെയും ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല. നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ പരിപാലനയെ നമ്മുടെ ജീവിതത്തിന്റെ ദുഃഖത്തിലും സന്തോഷത്തിലും നമുക്ക് കണ്ടെടുക്കാം. പ്രത്യാശയില്ലാത്ത മറ്റു മനുഷ്യരെപ്പോലെ വിലപിക്കുന്നവരാകാതെ ഉത്ഥിതൻ നൽകുന്ന സമാധാനം ഹൃദയത്തിൽ സ്വീകരിക്കാം. എപ്പോഴും സന്തോഷത്തോടെ, വെല്ലുവിളികളാണ് മുന്നിലെന്നറിയുമ്പോൾ തമ്പുരാനെ കൂടുതൽ മുറുകെപ്പിടിച്ചുകൊണ്ട് ഉത്ഥിതനിലുള്ള വിശ്വാസം നമുക്ക് ജീവിതം കൊണ്ട് ഏറ്റുപറയാം.

**STATEMENT ABOUT OWERSHIP AND OTHER PARTICULARS ABOUT NEWSPAPER**
**PRATHEEKSHAYUDE POOMOTTUKAL**
**Form - IV**

1. Place of Publication : Manganam, Spirituality Centre; Manganam P.O., Kottayam
2. Periodicity of Publication : Monthly
3. Printer's Name : Annamma Kulathupurayidom
   Nationality : Indian
   Address : Apostolic Oblates, Manganam P.O., Kottayam-686 018
4. Publisher's Name : Annamma Kulathupurayidom
   Nationality : Indian
   Address : Apostolic Oblates, Manganam P.O., Kottayam-686 018
5. Editor's Name : Fr. Mathew Vellanickal
   Nationality : Indian
   Address : Apostolic Oblates, Manganam P.O., Kottayam-686 018

# സ്ലീവാപാത ദൈവകാരുണ്യത്തിന്റെ വിസ്തൃത വീഥി

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി**

സ്വർഗീയ മഹത്ത്വത്തിലേക്ക് പ്രവേശിക്കുന്ന ദൈവപുത്രനായ ഈശോനാഥന്റെ ഈ ലോകത്തിലെ അന്ത്യയാത്രയാണ് സ്ലീവാപാത. ഉയിർപ്പുകാലത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമുക്ക്, പ്രത്യേകിച്ച് പൗരസ്ത്യപാരമ്പര്യം പേറുന്നവർക്ക്, ഇപ്പോൾ സ്ലീവാപാതയുടെ ധ്യാനത്തെക്കാൾ ഉത്ഥാനരഹസ്യമാണ് ധ്യാനവിഷയം. ഉത്ഥിതനായവൻ സ്നേഹപൂർവ്വം ശ്ലീഹന്മാരെ സന്ദർശിച്ച് തന്നെത്തന്നെ വെളിപ്പെടുത്തിയപ്പോൾ തന്നിലുള്ള വിശ്വാസം ഉറപ്പിക്കുവാൻ അവർക്കു കാട്ടിക്കൊടുത്തത് കുരിശിലെ പീഡകളുടെ മുറിപ്പാടുകളാണ്. ഉയിർപ്പ് സത്യമാകണമെങ്കിൽ സഹനവും മരണവും സത്യമാകണമല്ലോ.

ഉത്ഥാനത്തിന്റെ ഏറ്റം വലിയ ആഘോഷമായ പരിശുദ്ധ കുർബാന മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളുടെ അനുസ്മരണവും അനുഷ്ഠാനവുമാണല്ലോ. സ്ലീവാപാത ഉത്ഥാനത്തിലേക്കും ആദിമഹത്ത്വത്തിലേക്കുമുള്ള പാതയാണ്. ഇത് ദൈവകാരുണ്യത്തിന്റെ ഏറ്റവും അനുഭവവേദ്യമായ പ്രകാശനവും അതിലേക്കുള്ള വഴിയുമാണ്.

ഈശോ തെറ്റുകാരനല്ല എന്ന് പലവുരു പരസ്യപ്രഖ്യാപനം നടത്തിയശേഷവും ജനഹിതത്തിനു വഴങ്ങി സ്വന്തം സ്ഥാനവും അധികാരവും നിലനിർത്താൻ അവിടുത്തെ മരണത്തിന് ഏൽപിച്ചുകൊടുത്ത പീലാത്തോസിന്റെ അരമനയിൽ നിന്നാരംഭിച്ച സ്ലീവാപാത ക്രൂശുമരണത്തിലൂടെ സ്വർഗീയ അരമനയിലേക്കുള്ള നാഥന്റെ ഗൃഹപ്രവേശനത്തിൽ അവസാനിച്ചു.



## പ്രതീക്ഷയുടെ പൂമൊട്ടുകൾ



ഈ വഴിത്താരയിൽ പരിശുദ്ധമറിയം സ്വപുത്രനെ നിശബ്ദതയിൽ കണ്ടുമുട്ടുന്നതും ജറുസലേം സ്ത്രീകളുടെ ഭൂമിയെ വിറങ്ങലിപ്പിക്കുന്ന ഹൃദയവിലാപവും നാം അനുഭവിക്കുന്നു. മനുഷ്യപുത്രന്റെമേൽ പതിയുന്ന ചാട്ടവാറടിയുടെ പ്രകമ്പനത്തിൽ പ്രപഞ്ചം വിറകൊള്ളുന്നു. മരണത്തിനു വിട്ടുകൊടുക്കുവാൻ മാത്രമല്ല, തെറ്റുകാരനായി മുദ്രകുത്തി ഈശോയെ ലോകത്തിന്റെ മുമ്പിൽ ഏറ്റം ആക്ഷേപാർഹമായി പീഡിപ്പിക്കുക, വധിക്കുക എന്ന ലക്ഷ്യത്തോടെ മറ്റൊരു നിരപരാധന്റെമേൽ നിർബന്ധപൂർവ്വം കുരിശിന്റെ ഭാരം വച്ചുകൊടുക്കുന്ന പടയാളികളെയും നാം കണ്ടുമുട്ടും.

കടന്നുപോന്ന വഴിയിൽ ആശ്വാസത്തിന്റെയും സ്വാന്തനത്തിന്റെയും കൈത്തുവാലയുമായി എത്തിയ സ്ത്രീയെയും നാം കണ്ടു. പ്രിയപ്പെട്ടവരും തിരഞ്ഞെടുത്തു കൂടെകൂട്ടിയവരും വിട്ടുപിരിഞ്ഞപ്പോൾ സമൂഹം തള്ളിക്കളഞ്ഞവരും ശിമയോൻ എന്ന പ്രമാണി പാപിനിയെന്ന് വിളിച്ച് ആക്ഷേപിച്ചവളുമായവൾ ഇതാ മുറിപ്പാടുകളിൽ സ്നേഹത്തിന്റെ തൈലവുമായി എത്തുന്നു. പാപത്തിന്റെ ഫലമായി ഒറ്റപ്പെടലിന്റെയും പഴിചാരപ്പെടലിന്റെയും ഇരുട്ടറയിൽ കഴിഞ്ഞതിന്റെ ഭീകരത അനുഭവിച്ചറിഞ്ഞവൾ എന്നനിലയിലും കല്ലെറിയപ്പെട്ടു കൊല്ലപ്പെടുവാൻ ജനമധ്യത്തിലേക്ക് വലിച്ചിഴക്കപ്പെട്ടവൾ എന്നനിലയിലും തിക്കിത്തിരക്കുന്ന ജനത്തിനിടയിലൂടെ തന്റെ ബലിപീഠമാകുന്ന കുരിശും പേറി നടന്നുനീങ്ങുന്ന നാഥന്റെ സഹനം മനസ്സിലാക്കിയവൾ കുരിശിൻ ചുവട്ടിലുണ്ട്.

നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു, കിടക്കയും എടുത്ത് വീട്ടിലേക്ക് പോവുക എന്ന് തളർവാതരോഗിയോട് അരുൾചെയ്തവൻ തന്റെ മരണക്കിടക്കയും ചുമന്ന് സ്വന്തം പിതാവിന്റെ ഭവനത്തിലേക്ക്... വിശന്നു വലഞ്ഞവരെ അപ്പം നൽകി പോറ്റിയവൻ, വിരുന്നിനിടയിൽ വീഞ്ഞു തീർന്നപ്പോൾ അമ്മയുടെ വാക്കുകേട്ട് സമയത്തിനുമുമ്പേ പച്ചവെള്ളത്തെ വീഞ്ഞായി പകർത്തിയവൻ, ദാഹിച്ചു പൊരിഞ്ഞ ജനത്തിന് മരുഭൂവിൽ കരിമ്പാറയിൽ നിന്നും ജലം ഒഴുക്കിയ കാരുണ്യവാനായ ദൈവത്തിന്റെ ഏകജാതൻ ഇവിടെ ദാഹിച്ച് വലഞ്ഞ് വിലപിക്കുന്നു. പകർന്നു കിട്ടിയ വീഞ്ഞുകുടിച്ച് സംതൃപ്തിയടഞ്ഞവർ അവരുടെ വഴിയേപോയി. കേട്ടില്ലവരാരും ദൈവപുത്രന്റെ “എനിക്കു ദാഹിക്കുന്നു” എന്ന ദീനരോദനം. കേട്ടവർക്കാകട്ടെ മനസ്സിലായുമില്ല.

വച്ചുനീട്ടിയ അപ്പക്കഷണങ്ങൾ കൊണ്ട് വയറുനിറച്ചവർ അവിടുത്തെ രോദനം ശ്രവിച്ചുവെങ്കിലും ഒരുവൻ പോലും ഒരിറ്റു ജലകണികയുമായി അടുത്തുവരുന്നില്ല. അധികാരവർഗവും അവരുടെ പിണിയാളുകളായി വർത്തിക്കുന്ന പട്ടാളക്കാരും വച്ചുനീട്ടിയതോ കയ്പുനീർ.

വിശുദ്ധിയുടെ പടവുകൾ കയറാൻ ആഗ്രഹിക്കുന്നവർ മനസ്സിൽ ഉറപ്പിച്ചുകൊള്ളുക, നിങ്ങളോടൊപ്പം ലോകമോ സുഹൃത്തുക്കളോ ഉണ്ടാവില്ല. ഈ പുണ്യയാത്രയിൽ നിങ്ങൾ എന്നും തനിച്ചായിരിക്കും. എന്നാൽ, വിജയകിരീടം നിനക്ക് സമ്മാനിക്കുന്നത് സ്വർഗമായിരിക്കും, ലോകമായിരിക്കില്ല.

നഗ്നനാണെന്നുകണ്ട് ലജ്ജിച്ച് മരച്ചില്ലകൾക്കിടയിൽ മറഞ്ഞ മനുഷ്യനെ തോലുകൊണ്ടുള്ള ഉടയാടയണിയിക്കാൻ വിണ്ണിൽനിന്നു വന്നണഞ്ഞ കാരുണ്യമൂർത്തിയിതാ ജനമധ്യത്തിൽ വിവസ്ത്ര

നാക്കപ്പെടുന്നു. പോരാ, കുരിശാകുന്ന പീഠത്തിൽ അവിടുത്തെ ഉയർത്തി. ജീവൻ നൽകാൻ വന്ന വന്റെ ജീവനെടുക്കാൻ അവർക്കു തിടുക്കം.

പീഡാനുഭവം ദൈവഹിതം നിറവേറ്റുന്ന ഈശോയുടെ ചിത്രം കാട്ടിത്തരുന്നു. ഗദ്സമേനിൽ "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാന പാത്രം എന്നിൽനിന്ന് അകറ്റണമേ. എങ്കിലും, എൻെറ ഹിതമല്ല, അവിടുത്തെ ഹിതം നിറവേ റട്ടെ" എന്നതും കുരിശിൽ "പിതാവേ നിന്റെ കരങ്ങളിൽ എന്നെ സമർപ്പിക്കുന്നു" എന്നു പറഞ്ഞതും ഇതു വ്യക്തമാക്കുന്നു.

പരിശുദ്ധ കുർബാനയിൽ നാം ചൊല്ലുന്നു: ഈശോ താൻ ഏൽപിച്ചുകൊടുക്കപ്പെട്ട രാത്രി യിൽ... ഈശോ അധികാരികളുടെ പിടിയിൽ അറിയാതെ പെട്ടുപോയതല്ല. തനിക്കു സംഭവിക്കാ നിരിക്കുന്നത് വ്യക്തമായി അറിയുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുന്നത് ഈശോയാണ്. പിതാവിന്റെ ഇഷ്ടമറിഞ്ഞ് ഈശോ സഹനമേ റ്റെടുക്കുന്നു. ബന്ധിക്കാൻ വന്നവരുടെ മുമ്പിൽ സ്വയം പരാജയപ്പെടുത്തി, അവർക്കെതിരെ വാളെടുത്ത പത്രോസിനോട് അതു ഉറയിലിടാൻ കൽപിച്ചു, മാൽക്കൂസിന്റെ മുറിഞ്ഞുപോയ ചെവി സുഖപ്പെടുത്തി, ശിഷ്യന്മാരെല്ലാം പൊയ്ക്കൊ ള്ളട്ടെ എന്നു നിർദ്ദേശിക്കുന്നു. എല്ലാം പൂർത്തി യായി എന്നു ഈശോ പ്രഖ്യാപിച്ച ശേഷമാണ് പീഡാനുഭവം അവസാനിക്കുന്നത്.

ഈ സ്ലീവാപാത 2000 വർഷങ്ങൾക്കപ്പുറത്ത് മനുഷ്യപുത്രനായി അവതരിച്ച ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ അനുസ്മരണം മാത്രമല്ല. ഒരു ചരിത്രസത്യത്തിന്റെ പുനരാവിഷ്ക്കരണം നടത്തി അതിൽ ആശ്വാസം കണ്ടെത്തുന്നതിനുള്ള മാർഗവുമല്ലിത്. തമ്പുരാൻ നമുക്കായി സഹിച്ച പീഡകളെയോർത്ത് വിലാപവും കണ്ണീരുമായി മാറത്തടിച്ച് ദുഃഖിതരായി തിരിച്ചുപോകാനുള്ള ധ്യാനമായും സ്ലീവാപാതയും അതിന്റെ പൂർണ്ണത യായ പരിശുദ്ധ കുർബാനയും തീരുവാൻ പാടില്ല.

ദൈവപുത്രൻ അന്നും ഇന്നും എന്നും ഒരുവൻ തന്നെ. "നിങ്ങൾ ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്"; "സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു". സഭയെ പീഡിപ്പിക്കു മ്പോൾ ഈശോയെതന്നെ പീഡിപ്പിക്കുന്നു. എങ്കിൽ നാം ധ്യാനിച്ചു വന്ന കുരിശിന്റെ വഴി പീലാത്തോസിന്റെ അരമനയിൽ ആരംഭിച്ച് കാൽവരിയിൽ അവസാനിച്ച ഒരു യാത്രയുടെ അനുസ്മരണമല്ല.

ഇതു നമ്മുടെ കൺമുമ്പിൽ നടന്നുകൊണ്ടി രിക്കുന്ന യാഥാർത്ഥ്യങ്ങളിലുള്ള പങ്കുചേരലാണ്. സിറിയായിലും ഇറാക്കിലും ഈജിപ്തിലും കഴുത്തറക്കപ്പെടുന്ന ക്രൈസ്തവരിൽ ഇന്നും ഈശോ ക്രൂശിതനാകുന്നു. ജീവനോടെ ചുട്ടെരി ക്കപ്പെടുന്ന നമ്മുടെ സഹോദരങ്ങളിൽ അവിടുന്ന് ഇന്നും പീഡിപ്പിക്കപ്പെടുന്നു. ഇറാക്കിന്റെ മരു പ്രദേശത്ത് പീഡനമേറ്റ് അവശതയോടെ വാവിട്ടു കരഞ്ഞ സഹോദരങ്ങളുടെ വായിലേക്ക് മൂത്ര മൊഴിച്ച ഐ. എസ്. പടയാളികൾ ദാഹിക്കുന്ന കർത്താവിന് ഇന്നും കയ്പുനിറഞ്ഞ മീറ നൽകുന്നു. സ്ത്രീത്വത്തെ അവഹേളിക്കുന്ന, കുട്ടി കളെ പീഡിപ്പിക്കുന്ന, കേരളത്തിലെ, ആർഷഭാരത ത്തിലെ തെരുവോരങ്ങളിൽ ഇന്നും കർത്താവ് വിവസ്ത്രനാക്കപ്പെടുന്നു, അവഹേളിതനാക്ക പ്പെടുന്നു.

ക്രൂശിതനെ അടക്കം ചെയ്ത കല്ലറ പ്രത്യാശയുടെ വിത്തു വിതച്ച ഇടമാണ്. അവിടെ നിന്നും പുതുജീവിതത്തിന്റെ പുത്തൻ ചെടി പൊട്ടിമുളയ്ക്കുന്നു. സ്വർഗമാകുന്ന വാസഗേഹം തുറക്കുന്നതിനുള്ള ദൈവതൃക്കരങ്ങളിലെ താക്കോലാണ് കുരിശ്. ഇവിടെ ആരും യഥാർത്ഥ ത്തിൽ മരിക്കുന്നില്ല, പിന്നെയോ, അവരുടെ ജീവിതം അനുഗൃഹീതമാകുന്നു. കുരിശാകുന്ന ബലിമേശയിൽനിന്നുള്ള ഭക്ഷണം നിന്നെ അമർ ത്ത്യനാക്കും, നിന്നെ ഉത്തേജിപ്പിക്കും. നിന്നെ പിതാവും പരിശുദ്ധാത്മാവുമായുള്ള സൗഹൃദത്തി ലേക്ക് എത്തിക്കും. അവരോടൊത്ത് നിത്യമായ അത്താഴത്തിനായി നാം ക്ഷണിക്കപ്പെടുന്നു. തന്നോട് ഐക്യപ്പെടാൻ തന്റെ ജീവനിൽ പങ്കാളി യാവാൻ അവിടുന്ന് നമ്മെ മാടിവിളിക്കുന്നു, കുരിശാകുന്ന ഉന്നതപീഠത്തിൽ നിന്നും...



Laudato Si - 6

# പരിസ്ഥിതി ശാസ്ത്രവും പൊതുനന്മയും

ഫാ.സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസ്, കോട്ടയം

**നാം** പ്രകൃതിയുടെ ഭാഗമാണ്, പ്രകൃതിയുമായി സ്ഥിരസമ്പർക്കത്തിലുമാണ്. അതിനാൽ പ്രകൃതിയുടെ പ്രതിസന്ധികൾ നമ്മുടേതും കൂടിയാണ്. പരിസ്ഥിതി പ്രശ്നങ്ങളോടൊപ്പം മനുഷ്യന്റെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പ്രശ്നങ്ങളും ചേർത്തുവച്ച് പരിഹാര മാർഗങ്ങൾ തേടുന്ന ഒരു സമഗ്രദർശനത്തിന്റെ ആവശ്യകത ഇവിടെ നിലനിൽക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിശകലനം മാനുഷികവും കുടുംബപരവും തൊഴിൽപരവും നിയമപരവും വ്യക്തിപരവുമായി ബന്ധമുള്ള പ്രശ്നങ്ങളിൽനിന്ന് വേർതിരിക്കാനാവില്ല. കാരണം "സമസ്തം അംശത്തേക്കാൾ വലുതാണ്" (the whole in greater than the part) എന്ന തത്ത്വം നാം കണക്കിലെടുക്കേണ്ടതുണ്ട്.

പ്രകൃതിയുടെ പൈതൃകത്തോടൊപ്പം മനുഷ്യന്റെ കലാപരവും ചരിത്രപരവും

സാംസ്കാരികവുമായ പൈതൃകവും ഇന്ന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. സംസ്കാരം എന്നത് ഭൂതകാലത്തുനിന്ന് നമുക്ക് അവകാശമായി ലഭിച്ചതുമാത്രമല്ല, അത് ഒരു വർത്തമാനകാല യാഥാർത്ഥ്യവും വരുംതലമുറയ്ക്ക് കൈമാറ്റപ്പെടേണ്ടതുമാണ്. "ഒരു സംസ്കാരത്തിന്റെ തിരോധാനം ഒരു സസ്യത്തിന്റെയോ ഒരു ജന്തുവർഗത്തിന്റെയോ തിരോധാനത്തോളമോ, ഒരുപക്ഷേ അതിലേറെയോ ഗൗരവതരമാണ്" (L.S.145). അതിനാൽ പ്രാദേശിക ജനതയുടെ തനതു സംസ്കാരം ആഗോളവത്കൃത സമ്പദ്വ്യവസ്ഥയാൽ തകിടം മറിക്കപ്പെട്ടുകൂടാ.

ഭൂമി വെറും ഒരു വസ്തുവല്ല, പൂർവികരിൽനിന്നും നമുക്കു ലഭിച്ച ഒരു ദാനമാണ്; ദൈവത്തിൽ സൃഷ്ടിക്കപ്പെട്ട ഒരു വിശുദ്ധ സ്ഥലമാണ്. അതിനാൽ അതിനു നാം പരമാവധി കരുതൽ നൽകണം. വികസനത്തിന്റെ പേരിൽ പ്രകൃതിയുടെയും സംസ്കാരത്തിന്റെയും നേരെയുള്ള തരംതാഴ്ത്തൽ പരിസ്ഥിതിയെ ക്രമരഹിതവും ശബ്ദവൈരൂപ്യങ്ങളാൽ നിറഞ്ഞതും സമഗ്രതയില്ലാത്തതുമാക്കുന്നു. എന്നാൽ "യഥാർത്ഥവികസനം അടങ്ങിയിരിക്കുന്നത് മനുഷ്യജീവിതത്തിന്റെ ഗുണമേന്മയിൽ ഉളവാകുന്ന സമഗ്രപുരോഗതിയിലാണ് (L.S.147).

പരിസ്ഥിതിയുടെ ഇരുണ്ടവശങ്ങളെ പ്രകാശമാനമാക്കുവാൻ ആരോഗ്യകരമായ സാമൂഹികജീവിതത്തിനു കഴിയും. ഗാഢവും ഊഷ്മളവുമായ ബന്ധങ്ങൾ പുതിയ സമൂഹങ്ങളെ സൃഷ്ടിക്കുകയും, ദുരിതപൂർണമായ അവസ്ഥയിലും ഭൂമിയിലെ മഹത്ത്വമുള്ള ജീവിതത്തിന്റെ ഇടമാക്കിത്തീർക്കുകയും ചെയ്യും. കാരണം കൊടിയ ദാരിദ്ര്യത്തെയും ക്രൂരപ്രവർത്തനങ്ങളെയും ചൂഷണത്തെയുമൊക്ക മറികടക്കാൻ തക്കവിധം സ്നേഹം തന്നെയാണ് കൂടുതൽ കരുത്തുറ്റത്. മനുഷ്യൻ ജീവിക്കുന്ന ഇടവും മനുഷ്യസ്വഭാവവും തമ്മിൽ പരസ്പരബന്ധമുള്ളതിനാൽ ഓരോ നഗര ത്തെയും മറ്റാളുകളുമായി പങ്കുവയ്ക്കുന്ന ഒരിടമായും, സ്വന്തം വീട് എന്ന അവബോധം നൽകുന്ന സ്ഥലമായും, എല്ലാവരും ഒന്നുചേർന്ന് "നമ്മൾ" ആയിത്തീരുന്ന വീടായും രൂപകല്പന ചെയ്യണം.

മനുഷ്യപരിസ്ഥിതി ശാസ്ത്രത്തിലെ ഒരു മുഖ്യവിഷയമാണ് മനുഷ്യമഹത്ത്വത്തോടുള്ള ആദരവ്. ഗ്രാമീണ ജനതയ്ക്കും ഗ്രാമവാസികൾക്കും മാന്യമായ താമസസൗകര്യങ്ങളും പൊതുഗതാഗത സംവിധാനങ്ങളും ഉറപ്പുവരുത്തേണ്ടത് ഇതിന്റെ ഭാഗമാണ്. നമ്മുടെ ശരീരം തന്നെ പരിസ്ഥിതിയുമായും മറ്റു ജീവികളുമായും നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ നമ്മുടെ ശരീരങ്ങളെ ദൈവികദാനമായി സ്വീകരിക്കേണ്ടത് മർമ്മ പ്രധാനമാണ്. അതുപോലെതന്നെ, "ഞാൻ എന്നെ തിരിച്ചറിയുവാൻ പ്രാപ്തമാകുന്നതിന് സ്വന്തം ശരീരത്തെ അതിന്റെ സ്ത്രീത്വത്തിലോ പുരുഷത്വത്തിലോ വിലമതിക്കേണ്ടത് അത്യാവശ്യമാണ്. .... ലിംഗഭേദത്തെ ഇല്ലായ്മ ചെയ്യാനുള്ള മനോഭാവം ആരോഗ്യകരമല്ല" (L.S.155).

മനുഷ്യവ്യക്തികളോടുള്ള ആദരവാണ് പൊതുനന്മയുടെ അടിസ്ഥാനം. ഇതിനെതിരായ തിന്മയാണ് അനിയന്ത്രിതമായ വ്യക്തിവാദം (Rampant Individualism). വ്യക്തികേന്ദ്രീകൃതമായി മാത്രം നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാതെ, മറ്റ് വ്യക്തികളെയും കുടുംബങ്ങളെയും സമൂഹങ്ങളെയും ദരിദ്രരെയും ഭാവിതലമുറകളെയും നമ്മുടെ പരിഗണനയ്ക്ക് വിഷയമാക്കണം. എപ്രകാരമുള്ള ഒരു ലോകമാണ് നമ്മൾ അവശേഷിപ്പിക്കുവാൻ പോകുന്നത് എന്ന് നാം സ്വയം ചോദിക്കണം. ഇപ്പോൾ നിലനില്ക്കുന്ന അസന്തുലിതാവസ്ഥയുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കാനും പൊതുനന്മ ലക്ഷ്യമാക്കി ജീവിക്കുവാനും പോർച്ചുഗലിലെ മെത്രാൻ സംഘത്തിന്റെ നിരീക്ഷണം നമുക്കു മറക്കാതിരിക്കാം: "സ്വീകരിക്കലിന്റെ യുക്തിയുടെ ഭാഗമാണ് പരിസ്ഥിതി. അടുത്തതിലേക്ക് കൈമാറാനായി ഓരോ തലമുറയ്ക്കും നല്കപ്പെടുന്ന വായ്പാവസ്തുവാണിത്".

പ്രിയപ്പെട്ട കൂട്ടുകാരേ, നാം വീണ്ടും ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് പ്രവേശി ച്ചിരിക്കുകയാണല്ലോ. ഈശോയുടെ ഉത്ഥാനമാണ് നമ്മുടെ വിശ്വാസത്തിന്റെ കാതൽ. മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1കോറി. 15,14) എന്നാണല്ലോ പൗലോസ് ശ്ലീഹാ പറയുന്നത്. ഉയിർപ്പുകാലത്തോടനുബന്ധിച്ച ചില ചോദ്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. അവ വായിച്ച് താഴെ കാണുന്ന കളത്തിൽനിന്നും അവയുടെ ഉത്തരങ്ങളുടെ അക്ഷര ങ്ങൾ വെട്ടുക. അങ്ങനെ എല്ലാ ഉത്തരങ്ങളും വെട്ടിക്കഴിയുമ്പോൾ ഉത്ഥിതനായ ഈശോ നമുക്കൊരു സന്ദേശം നൽകുന്നതു കാണാം. ആ സന്ദേശം ഈശോയുടെ ചിത്രത്തിനു താഴെ എഴുതുക.

1. ഉയിർപ്പുഞായർ കഴിഞ്ഞുവരുന്ന ആഴ്ചയെ വിളിക്കുന്ന പേര്?
2. ഉയിർപ്പിലെ രണ്ടാം ഞായറാഴ്ചയെ എന്തു വിളിക്കുന്നു?
3. എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന വിശ്വാസപ്രഖ്യാപനം നടത്തിയ ശ്ലീഹാ ആര്?
4. ഉയിർപ്പിനുശേഷം എത്രാം ദിവസമാണ് ഈശോ തോമാശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ടത്?
5. നമ്മുടെ പൗരസ്ത്യസുറിയാനി സഭയിൽ സകലവിശുദ്ധരുടെയും തിരുനാൾ ആചരിക്കുന്നതെന്നാണ്?
6. ഉയിർപ്പുകാലത്തെ ആറാം വ്യാഴാഴ്ച അനുസ്മരിക്കുന്ന തിരുനാൾ ഏതാണ്?
7. ഉയിർപ്പുകാലത്തിൽ എത്ര ആഴ്ചകൾ ഉണ്ട്?



| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആ | ൾ | മാ | തു | വ | ർ | ധാ | രോ | യി | വെ | | ആ |
| ഉ | | | | | | | | | | | യു |
| പു | | | | | ഏ | നി | ഴ്ച | പ്പു | | | ടെ |
| നോ | | | | | | | | ദ്യ | | | ഞാ |
| ക്കു | | | | | | | | ശ്ലീ | | | ദി |
| എ | | | | | | | | ട്ടാം | | | കാ |
| ടെ | | | | | | | | യ | | | ങ്ങ |
| ർ | | | | | | | | ത്തെ | | | ഈ |
| ല | | | | | | | | സ്വ | | | |
| ഴ്ച | | മാ | ത്തി | സം | ഹ | ആ | ക | ഹാ | | | ള്ളി |
| | | | | | | | | | | | ശോ |
| | | | | ഴ് | സ | ഗ്ലാ | ലെ | ർ | ളു | ണം | നം |

**സന്ദേശം:**

..............................................

..............................................

ദനഹാ ലക്കം വിജയി:

**ഷോൺ ജോർജ് ചേക്കയിൽ, വയനാട്**

തയ്യാറാക്കിയത്: **ജിനു നിരപ്പേൽ**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഏപ്രിൽ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018






# കുഞ്ഞാറ്റയുടെ കുമ്പസാരം

**ഷീജാ കാലായിൽ**

മോളൂ, ഡാഡിയും ഞാനും കാണുന്നതിനുമുമ്പേ മോളെ കണ്ടതും അറിഞ്ഞതും ദൈവമാണ്. എല്ലാം തന്ന് സ്നേഹിക്കുന്ന ദൈവം. ആദവും ഹവ്വായും ദൈവത്തിന്റെ സ്നേഹവും വാക്കുകളും മറന്നതും സാത്താന്റെ വാക്കുകേട്ട് പഴം തിന്നതും പറുദീസായിൽനിന്ന് പുറത്തായതുമൊക്കെ മോളു പഠിച്ചതല്ലേ. നമുക്കും ഇങ്ങനെയുള്ള പ്രലോഭനങ്ങൾ ഉണ്ടാവും. ഇഷ്ടമുള്ള പലതും വേണമെന്നു പറയുമ്പോൾ ഡാഡിയും മമ്മിയും മോളോടു പറയാറില്ലേ, അതു വേണ്ട നല്ലതല്ല എന്ന്... മൊബൈൽ ഫോൺ വേണമെന്ന് മോളു പറഞ്ഞപ്പോൾ അതുവേണ്ട വലുതാകട്ടെ എന്നുപറഞ്ഞില്ലേ. ഇങ്ങനെ ഓരോന്നും മാതാപിതാക്കൾ വേണ്ട എന്ന് മക്കളോടു പറയുന്നത് അവരുടെ നന്മയ്ക്കായിട്ടാ കേട്ടോ. ഇനി അടുത്തതെന്താ? "ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്" കുഞ്ഞാറ്റ ഉറപ്പോടെ പറഞ്ഞു.

"മോളു ചിലപ്പോ ചിലകാര്യങ്ങൾ ശരിയാണെന്നു വിശ്വസിപ്പിക്കാൻ ദൈവത്തിനാണെ സത്യം എന്നു പറയുമ്പോൾ എല്ലാവരും മോളെ വഴക്കു പറയാറില്ലേ. എല്ലായിടത്തും ആവശ്യമില്ലാതെ ദൈവനാമം ഉപയോഗിക്കുന്നതു ദൈവത്തിന് ഇഷ്ടമില്ല". (തുടരും..)





# LET US BE MESSENGERS OF DIVINE MERCY

**Dr. Rengith Chakkummoottil**
St. Ephrem's Theological College, Satna

After the fifty days of preparation, fasting, abstinence and prayer, we now are entering into the joy of the resurrection of our Lord Jesus Christ. Jesus Christ did rise from the dead! The Apostle Paul testifies to that great event in 1 Cor. 15:3-4: "Christ died for our sins, he was buried, and he rose again on the third day in accordance with the Scriptures". The resurrection of Jesus Christ is the central truth of the Christian faith. We rejoice that 'Christ is risen'. St. Paul writes: "And if Christ has not been raised, our proclamation has been in vain and so is your faith" (1 Cor 15:14). The Easter joy of this year has a speciality. In this Extraordinary Jubilee Year of Mercy declared by Pope Francis, the celebration of Easter becomes more momentous because at Easter we celebrate the summit of God's mercy being manifested through His son Jesus to the humanity. This year, the Church focuses on several points which require special attention to enable the celebration of Easter to be for all believers a true moment of encounter with the mercy of God.

As Pope Francis reflects in the papal bull *Misericordiae Vultus*, Jesus Christ is the face of the Father's mercy. These words of the Pope might well sum up the mystery of the Christian faith. The great mercy of God is shown to us in a perfect manner in God, giving His beloved Son

to die on the cross for our sins. The New Testament presents Jesus Christ as the ultimate manifestation of God's mercy, in whom we can see the mercy of God in a much brighter light. Jesus not only proclaimed the message of his Father's mercy, he lived it himself. What Jesus proclaimed, he also lived. He was moved by compassion when he met a leper (Mk 1:41) or encountered the sorrow of a mother who had lost her only son (Lk 7:13). He had compassion for many who were sick (Mt 14:14) and for the people who were hungry (Mt 15:32). Mercy has become living and visible in Jesus, reaching its culmination in him through his death and resurrection. Easter is a time to constantly contemplate on the mystery of mercy of God.

The message of divine mercy is neither a theory that is alien to praxis and world realities, nor does it stop at the level of mere sentimental expressions of pity. Jesus teaches us to be merciful like the Father (Lk 6: 36). In the Sermon on the Mount, he declares the merciful blessed (Mt 5:7). Therefore, the message of divine mercy must reflect on the life of every Christian. As Pope Francis reminds, mercy is the very foundation of the Church's life. The Church's very credibility is seen in how she shows compassionate and merciful love. We become true Christians only to the extent to which we are able to show the merciful face of Jesus through our life.

Let me remind you of an incident. There was a huge earthquake in one of the villages of Italy many years back. Due to the earthquake, the whole village was devastated, including the beautiful parish church which was situated at the centre of the village. The villagers were scattered. After some years, they came back to the devastated home village and they wanted to revive their life there. The first thing they wanted to rebuild in the village was their parish church. While clearing the area, among the ruins of the church, they have found the broken pieces of the beautiful statue of the Sacred Heart of Jesus, which was placed at the altar of the old church. They could not throw it away with the other things, because that statue was so dear to their heart. After the renovation of the church, they have placed it in an important part of the church and at the bottom they have written these verses: I have no eyes, I need your eyes to see; I have no ears, I need your ears to hear; I have no mouth, I need your mouth to speak; I have no hands, I need your hands to work; I have no legs, I need your legs to walk; I have no heart, I need your heart to love.

Yes, it is our turn to give Jesus our life to continue the works of mercy in today's world. This is the message of Easter. We have a lot of examples around the world of saintly people who have dedicated their life for Jesus so that the merciful works of Jesus may be continued through their life in the present world. Blessed Mother Theresa and St. Damien are such people in whom people could experience the same mercy and compassion of Jesus. In the world today, sad to say, we must admit that the practice of mercy is waning. However, without a witness to mercy, life becomes fruitless and sterile, as if sequestered in a barren desert. The time has come for us to take up the joyful call to mercy once more. It is time to return to the basics and to bear the weaknesses and struggles of our brothers and sisters. Mercy is the force that reawakens us to new life and instils in us the courage to look to the future with hope. Easter time is an invitation to be born again in the resurrected Christ and be true messengers of God's mercy!

"According to his great mercy, he has caused us to be born again to a living hope through the resurrection of Jesus Christ from the dead." (1 Pet 1:3).



# ഉയിർപ്പിന്റെ ഉണർവ്

**ഡീക്കൻ ആൽബിൻ പാറയിൽ O.Carm**
സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ

വീണ്ടുമൊരു സന്ധ്യ... കത്തുന്ന മെഴുകുതിരികൾ ... തിരുഹൃദയരൂപം... മാതാവിന്റെ വിമലഹൃദയരൂപം... വിശുദ്ധരുടെ ചിത്രങ്ങൾ... തിരിവെട്ടത്തിൽ കണ്ണുനിറച്ച് ഒരു കുഞ്ഞ് അപ്പച്ചന്റെ മടിയിലിരുന്ന് കുഞ്ഞുകരങ്ങൾ കൂപ്പി പ്രാർത്ഥിക്കുകയാണ്. പ്രാർത്ഥന ചൊല്ലിക്കൊടുക്കുന്നത് അപ്പച്ചനാണ്. സ്ഫുടമല്ലാത്ത അക്ഷരങ്ങളിൽ പ്രാർത്ഥന വഴുതിവീഴുന്നു. “ഈശോയേ, കുഞ്ഞുമോളെ കാത്തോണേ ... എനിച്ചുവ്വാവൊന്നും വരുത്തല്ലേ... വയറുനിറയെ അമ്മാമ്മം തരണേ... പപ്പയ്ക്കും മമ്മിക്കും ഉവ്വാവു വരുത്തല്ലേ ... കുഞ്ഞേട്ടായിയേയും വല്യേട്ടായിയെയും കാത്തോണേ... എന്നെ കരയിക്കല്ലേ...” ഓർമ്മകൾ പിന്നോട്ടോടി... വർഷങ്ങൾക്കു മുമ്പത്തെ സന്ധ്യകളും ഇങ്ങനെയായിരുന്നു. ചുമന്നുതുടുത്ത സന്ധ്യകളിൽ പള്ളിമണി മുഴങ്ങുമ്പോൾ എന്റെ അമ്മ എന്നെ ചൊല്ലിപ്പഠിപ്പിച്ച പ്രാർത്ഥന, മടിയിലിരുത്തി അപ്പൻ എന്നെ ചൊല്ലിക്കേൾപ്പിച്ചതും ചേട്ടന്മാരെ പഠിപ്പിച്ച

തുമായ അതേ പ്രാർത്ഥന ഈ തലമുറയേയും .... അതേ താളം... അതേ ... നൈർമല്യം...

വർഷങ്ങൾക്കുശേഷം ഈ ഈസ്റ്റർ രാത്രിയിൽ വീണ്ടുമൊന്ന് കൂട്ടിവായിക്കാൻ ശ്രമിക്കുകയാണ് ഞാൻ. കത്തുന്ന മെഴുതിരികൾ. ഉയിർപ്പുരൂപം... പ്രാർത്ഥനകൾ... താളവും നൈർമല്യവും നഷ്ടപ്പെട്ട പ്രാർത്ഥനകൾ.

ഈസ്റ്ററിന്റെ ഈ തണുത്തരാത്രിയിലും പ്രാർത്ഥനയോടെ ഉയിർപ്പിനായ് കാത്തിരുന്ന മറിയമായിരുന്നു അപ്പോൾ എന്റെ മനസ്സിൽ. പ്രാർത്ഥനയ്ക്കുള്ള ശരിയായ ഉത്തരം. ദൈവത്തിന്റെ പ്രിയപുത്രി. അവളിൽ ദൈവം നിറഞ്ഞു വളർന്നു. ദൈവത്തിനെഴുതാൻ സ്വന്ത ജീവിത പുസ്തകത്താളുകൾ തുറന്നുവച്ചവൾ. സ്വന്തം കൈയൊപ്പോടെ ദൈവം എഴുതിത്തീർത്തതായിരുന്നു അവളുടെ ജീവിതം. പ്രാർത്ഥനയായിരുന്നു ആ ജീവിതം മുഴുവൻ. ഒന്നും തനിക്കുവേണ്ടി ആയിരുന്നില്ല. മറ്റുള്ളവർക്കുവേണ്ടിയായിരുന്നു ആ കരങ്ങൾ ഉയർത്തപ്പെട്ടത്. പ്രത്യേകിച്ച് തന്റെ മകനുവേണ്ടി. നസ്രസിലെ ഇരുട്ടിൽ ദൈവദൂതന്റെ വെളിപ്പെടുത്തലും, കാലിത്തൊഴുത്തിന്റെ പരുപരുപ്പും, നെഞ്ചിടിപ്പിലേക്ക് ചേർത്തുവച്ച് മകനുമായി ഈജിപ്തിലേക്കുള്ള ഓട്ടവും ഒടുവിൽ അവൻ വീടുവിട്ടതും പിന്നെ കാൽവരിയും... ദൈവമെഴുതിയ കഥകളുടെ പൊരുൾ തേടലായിരുന്നു ആ ജീവിതം. കാൽവരിയിലണഞ്ഞ വെളിച്ചവും എന്നേയ്ക്കുമായി മിഴി തുറക്കാൻ ഊട്ടുശാലയുടെ ഏകാന്തതയിൽ പ്രാർത്ഥനാനിരതയായവളാണവൾ. അവളുടെ പ്രാർത്ഥന ലോകത്തിനു വേണ്ടിയായിരുന്നു. അതു കേൾക്കാതിരിക്കാൻ അവനായില്ല. അമ്മയുടെ നൊമ്പരങ്ങളായിരുന്നവ. ഈസ്റ്ററിന്റെ പ്രഭാതത്തിലേക്ക് അവൻ മിഴിതുറന്നു.

ഇവിടെ എന്റെ പ്രാർത്ഥനകളോ... കുഞ്ഞിളം നാവിൽ ചൊല്ലി പഠിപ്പിച്ചത് ഇന്നും മറന്നിട്ടില്ല. എന്നിട്ടും 'എനിക്ക് ... എന്റെ ... എന്നു നീളുന്നു പ്രാർത്ഥനകൾ... പറയുന്നത് മുഴുവൻ പരിഭവങ്ങളും നൊമ്പരങ്ങളും. തകർക്കപ്പെട്ടതിന്റെ, മനസിലാക്കപ്പെടാതെ പോയതിന്റെ, സ്നേഹിക്കപ്പെടാതെ പോയതിന്റെ മൗനനൊമ്പരങ്ങൾ... വളരും തോറും 'എന്റെ' ആവശ്യങ്ങൾ കൂടിവന്നു... മറ്റെല്ലാം മറന്നപോലെ... ഇന്ന് നിന്നിലേക്കുള്ള പാത ദുർഘടവും ഇടുങ്ങിയതുമാണ് എന്നതിന്റെ പൊരുളറിയുന്നു ഞാൻ. കൂടെ എന്റെ പാത ഇതുവരെയും നിന്റേതായിരുന്നില്ല എന്നും. ഞാൻ നിരന്തരം സഞ്ചരിച്ചിരുന്ന ആ സുഗമപാതയിൽ നിന്നെ കണ്ടെത്താൻ കഴിഞ്ഞില്ലല്ലോ എന്നതാണ് സങ്കടം. ജീവിതകുരിശിന്റെ വഴി മനപ്പൂർവം ഒഴിവാക്കി ഉത്ഥാനം തേടിയവനാണ് ഞാൻ... പക്ഷേ എനിക്കതും അന്യമായി... 'എനിക്ക് എന്റേത്' എന്ന പ്രാർത്ഥന കേൾക്കാത്ത ദൈവത്തെ എത്രതവണ പഴിച്ചിരിക്കുന്നു. എന്തിനീ ദൈവം എന്ന് പഴി പറഞ്ഞിരിക്കുന്നു. കുരിശിനോട് ചേർന്നുനിന്ന് പ്രാർത്ഥിക്കുമ്പോൾ ഉത്ഥാനം കാണാനാവുമെന്ന് ഞാനിന്ന് തിരിച്ചറിയുന്നു. കുരിശിന്റെ വഴിയിലൂടെയേ മഹത്വത്തിന്റെ ഉയിർപ്പുണ്ടാകൂ. മാതാവിനെപ്പോലെ പ്രാർത്ഥനയോടെ കുരിശിലേക്കും, ഉയിർപ്പിലേക്കും പരി. ആത്മാവിന്റെ നിറവിലേക്കും ഞാൻ വളരേണ്ടിയിരിക്കുന്നു. കുരിശില്ലാതെ, സഹനങ്ങളില്ലാതെ ഉയിർപ്പില്ല എന്ന തിരിച്ചറിവാണിത്.

ദൈവത്തെ തേടിയുള്ള ഓട്ടമാണിന്ന്. അവിടെ ഉണ്ടെന്നും ഇവിടെ കണ്ടെന്നും കേട്ടറിഞ്ഞുള്ള ഓട്ടം ... എന്നാൽ എന്റെ ഹൃദയത്തിൽ ഞാൻ അവനെ തേടുന്നുണ്ടോ? പ്രാർത്ഥനയോടെ രാവിലെ അവനെ തേടിയെത്തിയ മഗ്ദനലനമറിയത്തെ പേരുവിളിച്ചാണ്. അവൻ സ്വീകരിച്ചത്. അല്ലാതെ നമുക്കുവേണ്ടി അവനെ തേടുമ്പോൾ കച്ച മാത്രം കണ്ട് തൃപ്തിപ്പെടേണ്ടി വരും. എന്തിനാണ് നമുക്ക്

ദൈവം. ഡിമാന്റും കൂടിയ ഒരു കമ്പോള ഉല്പ ന്നംപോലെ. ലാഭവും സുഖവും നൽകുന്നവൻ. സന്തോഷം നൽകുന്നവൻ, ഐശ്വര്യം നൽകു ന്നവൻ, രോഗസൗഖ്യം നൽകുന്നവൻ. ധ്യാന ഹോളുകളും വചനപ്രഘോഷണവേദി കളും നിറഞ്ഞുകവിയുന്നതെന്ത്? ദർശനങ്ങൾ കിട്ടി യാൽമാത്രം വിശ്വസിക്കുന്ന ദൗർഭാഗ്യവാൻമാ രായി നാം മാറിയിരിക്കുന്നു. 'രക്തമൊലി ക്കുന്ന കർത്താവ്', 'ചന്ദനം മണക്കുന്ന കർത്താവ്' ഭാരതദർശനങ്ങളുടെ കൂമ്പാര ത്തിൽ ദൈവത്തെ തേടുകയും സഹോദരനിൽ അവനെ കാണാതിരിക്കുകയും ചെയ്യുന്ന നിർഭാഗ്യവാന്മാരായിപ്പോയി നാം. അടയാള ങ്ങളും "അത്ഭുതരോഗസൗഖ്യവും" തേടിപ്പോ കുന്ന നാം എന്താണ് അന്വേഷിക്കുന്നത്? പ്രശ്നം മാറാൻ, രോഗം മാറാൻ, കടംവീടാൻ, മക്കളുണ്ടാവാൻ, വിവാഹം നടക്കാൻ, എന്റെ ജീവിതത്തിലെ കുറുക്കുവഴികൾ അറിയാൻ... ഇവിടെയാണ് നാം വഴിയിടറിപ്പോകുന്നത്. ആദ്യം അന്വേഷിക്കേണ്ട ദൈവത്തെയും ദൈവരാജ്യത്തെയും മറന്നുപോകുന്നത്. രക്ത മൊഴുകുന്ന കാൽവരിയിലൂടെ മാത്രമേ ഉയിർ പ്പിന്റെ മഹത്ത്വമുണ്ടാകൂ എന്ന് മറക്കരുത്. അല്ലാത കാൽവരിയിലേക്കുള്ള പാത ഇന്റർ ലോക്ക് ഇട്ട് മിനുസപ്പെടുത്തിയിട്ട് കാര്യമില്ല. എന്റെ സഹനങ്ങൾക്കപ്പുറം ഒരു മഹത്ത്വത്തിന്റെ ഉയിർപ്പുണ്ട് എന്നു വിശ്വസിച്ച് ജീവിതസഹനങ്ങളെ ഏറ്റെടുക്കാൻ ഈ ഉയിർപ്പ് നമ്മെ സഹായിക്കട്ടെ.

ഉത്ഥാനകാലം ഒരു മാറ്റത്തിന്റെ കാലമാ കട്ടെ... സ്വാർത്ഥതകൾ വെടിഞ്ഞ് 'എനിക്ക്, എന്റെ' എന്ന നിലവിളികൾ വെടിഞ്ഞ് ഉത്ഥി തന്റെ മഹത്ത്വത്തിനായ് നമുക്കു പ്രാർത്ഥിക്കാം. സഹനവും നൊമ്പരങ്ങളും ഉപരിമഹത്ത്വത്തി നുവേണ്ടിയുള്ള ദൈവത്തിന്റെ സമ്മാനങ്ങൾ ആണെന്ന തിരിച്ചറിവിൽ സ്വീകരിക്കാം. സഹ നങ്ങളെ സ്നേഹമാക്കിമാറ്റിയ നമ്മുടെ വിശു ദ്ധയുടെ മാതൃകകൾ മറക്കാതിരിക്കാം. വിശു ദ്ധിയുടെ മകുടധാരികൾ എല്ലാവരും ഉത്ഥി തന്റെ സ്നേഹാഗ്നിയിൽ സ്വയം ഉരുകി മാറ്റു കൂട്ടിയവരാണ്. അതിനാൽ ഈ ഉയിർപ്പുകാലം സ്വയം മാറ്റുകൂട്ടാനുള്ള ഒരു കാലമാകട്ടെ. പരി. അമ്മയെപ്പോലെ സ്വയം സമർപ്പിച്ചുള്ള എന്റെ പ്രാർത്ഥനയിൽ എന്റെ കുടും ബവും സമൂഹവും ദൈവാത്മാവിനാൽ നിറയട്ടെ... ദൈവം എന്നത് ദർശനങ്ങ ളിലും അടയാളങ്ങളിലും നിറഞ്ഞുനി ല്ക്കുന്ന ഒരു അത്ഭുതപ്രവർത്തകനാ കാതെ എന്റെ ജീവിതത്തിലെ അനുഭ വമാകട്ടെ... അപ്പോൾ 'മറിയം' എന്ന വിളിക്ക് ഉച്ചത്തിൽ "റബ്ബോനി" എന്ന് വിളി കേൾക്കാനാവും. കുഞ്ഞുനാളിൽ മടിയിലിരുത്തി ചൊല്ലിത്തന്ന "ആകാ ശങ്ങളിലിരിക്കും...." ആ നിഷ്ക്കളങ്ക തയിലും നിർമലതയിലും ഏറ്റുപറയാം. അങ്ങനെ ഉത്ഥിതന്റെ സ്നേഹാനുഭ വത്തിൽ നിറഞ്ഞ് ഉറക്കെ വിളിക്കാം "എന്റെ കർത്താവേ, എന്റെ ദൈവമേ".





# ഇത് നിങ്ങളാണോ?

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി,
കല്യാൺ രൂപത

1. നാട്ടിൽ വല്ല്യമ്മ വളർത്തിയ കൊച്ചുമകൻ എല്ലാദിവസവും പള്ളിയിൽ ചെല്ലുമ്പോൾ അച്ചന് സ്തുതി കൊടുക്കുമായിരുന്നു. മാതാപിതാക്കൾ വന്ന് കുട്ടിയെ ഗൾഫിലേക്ക് കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ കാണുന്ന അറബികൾക്കെല്ലാം കുട്ടി സ്തുതി കൊടുക്കാൻ തുടങ്ങി.

**മക്കളെ വളർത്തുമ്പോൾ ബോധ്യം നൽകി വളർത്തണം.**

2. ക്രിസ്മസ് കരോളുമായി ഒരു വീട്ടിൽ ചെന്നപ്പോൾ കുടുംബനാഥൻ പറഞ്ഞു: ‘എന്റെ വീട്ടിൽ കരോൾ പാടേണ്ട കാരണം എന്റെ അപ്പൻ മരിച്ചിട്ട് ഒരു മാസമേ ആയിട്ടൊള്ളൂ’. എന്നാൽ അപ്പന്റെ ശവസംസ്കാരത്തിന്റെ പിറ്റേദിവസം മുതൽ ടി.വി.യിലെ പ്രോഗ്രാമും, ഡാൻസും, പാട്ടും, സീരിയലും, സിനിമയും അവർ കാണുന്നുണ്ടെന്നുള്ളത് വേറെകാര്യം.

**മനുഷ്യൻ എന്താണ് ഇങ്ങിനെ!**

3. നോമ്പ് തുടങ്ങുന്ന അന്ന് വികാരിയച്ചൻ പള്ളിയിൽ ഇങ്ങനെ പ്രസംഗിച്ചു. മീനും, ഇറ

ച്ചിയും ഒക്കെ കഴിക്കാതിരുന്നതുകൊണ്ട് മാത്രം ഫലമില്ല. നോമ്പ് കാലത്ത് കുറ്റംപറച്ചിൽ, ടി.വി. കാണൽ തുടങ്ങിയവ നിർത്തണം. ദിവസവും പള്ളിയിൽ വരണം. അങ്ങനെ പറഞ്ഞതുകൊണ്ട് അടുത്തുള്ള കടയിലെ മീൻ മുഴുവൻ തീർന്നു.

**ഓരോരുത്തർ മനസിലാക്കുന്നവിധം.**

4. ക്ലാസ് ടീച്ചർ പറയുന്നു. നാളെ എല്ലാവരും ചന്ദ്രഗ്രഹണം കണ്ടിട്ടു വരണം. കുട്ടി ഉടനെ ചോദിച്ചു. ഏതു ചാനലിലാണ് ടീച്ചർ.

**പറയുന്നത് ഒന്ന്, മനസ്സിലാക്കുന്നത് മറ്റൊന്ന്.**

5. ബസ്സിൽ സ്ത്രീകൾക്കുള്ള സീറ്റിൽ ഇരുന്ന 85 വയസ്സുള്ള ഒരു വല്ല്യപ്പനെ ബസിൽ കയറിയ ഒരു കോളജ് കുമാരി എഴുന്നേല്പിച്ചിട്ട് അവൾ ആ സീറ്റിൽ ഇരുന്നു.

**പ്രായമായവരെ ബഹുമാനിക്കുന്ന വിദ്യാഭ്യാസം വെറും അഭ്യാസം മാത്രം.**

6. മരുഭൂമിപോലെ കിടന്നിരുന്ന സ്ഥലം. കല്ലും, മുള്ളും ഒക്കെ മാറ്റി ഒരാൾ മനോഹരമായ കൃഷിസ്ഥലമാക്കി. സ്ഥലത്തെ വികാരിയച്ചൻ എല്ലാ ദിവസവും അതുവഴി നടക്കാൻ പോകും. അച്ചൻ എന്നും അയാളോട് പറയും 'നിങ്ങളും ദൈവവും ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലം'. അയാൾ അച്ചന് നന്ദിപറയും. വികാരിയച്ചൻ എന്നും ഇതു തുടർന്നുകൊണ്ടിരുന്നു. ഒരു ദിവസം വികാരയച്ചന്റെ പറച്ചിൽകേട്ട് അയാൾക്ക് അരിശം വന്നു. അയാൾ പറഞ്ഞു. 'ദൈവത്തിന്റെ കയ്യിൽ ആയിരുന്നപ്പോൾ ഒന്നു കാണണമായിരുന്നു'.

**സൃഷ്ടി സ്രഷ്ടാവിനെ മറക്കരുത്.**

7. ഒരമ്മയ്ക്ക് രണ്ടു മക്കൾ - ഹൃദയം, ബുദ്ധി. അമ്മയ്ക്ക് ബുദ്ധിയോടായിരുന്നു കൂടുതൽ സ്നേഹം. ബുദ്ധിക്ക് പാലും മുട്ടയും ഒക്കെ കൊടുത്തു. ഹൃദയത്തിന് കട്ടൻകാപ്പിയും ബിസ്ക്കററും. ഒരു ദിവസം ഹൃദയം മരിച്ചു. അതോടെ എല്ലാം തീർന്നു. അപ്പോഴാണ് അമ്മയ്ക്ക് ഹൃദയത്തിന്റെ മൂല്യം അറിയാൻ കഴിഞ്ഞത്.

**എന്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് മനുഷ്യന് ഇന്നും അറിയില്ല.**

8. ക്ലാസിൽ ബഹളമുണ്ടാക്കുന്ന കുട്ടികളോട് സൈലൻസ്, പ്ലീസ് എന്ന് ചെറിയ ശബ്ദത്തിൽ പറഞ്ഞിട്ട് കാര്യമില്ല.

**ഉറക്കെ പറയേണ്ടത് ഉറക്കെ തന്നെ പറയണം.**

9. ധ്യാനകേന്ദ്രത്തിൽ കയറിയ കള്ളൻ ധ്യാനപ്രസംഗം കേട്ടിരുന്നിട്ട് എന്തിനാണ് താൻ വന്നതെന്ന് മറന്നുപോയി. ഉടനെ അച്ചൻ വിളിച്ചുപറഞ്ഞു. കള്ളൻമാർ ഉണ്ടാകാനിടയുണ്ട്, എല്ലാവരും സൂക്ഷിക്കണം. ഉടനെ കള്ളന് താൻ എന്തിനാണ് വന്നതെന്ന തിരിച്ചറിവുണ്ടായി. കുറെപേരുടെ പണം അപ്പോൾ തന്നെ മോഷണം പോയി.

**തിരിച്ചറിവ് നല്ലതാണ്, എന്നാൽ അത് നന്മയ്ക്കായിരിക്കണം.**

10. 'ഇവിടെ ബിരിയാണി കിട്ടും' എന്ന ബോർഡുകണ്ട് രണ്ടുപേർ അവിടെ ചെന്ന് ബിരിയാണിക്ക് ഓർഡർ കൊടുത്തു. കടക്കാരൻ പറഞ്ഞു, ഇവിടെ ബിരിയാണി കിട്ടില്ല. ഇത് ബോർഡ് എഴുതുന്ന സ്ഥലമാണ്. ഹോട്ടലിനു വേണ്ടി ബോർഡ് എഴുതിവച്ചിരിക്കുന്നതാണ്.

**ബോർഡ് കാണുന്നിടത്ത് അതു കിട്ടണമെന്ന് എല്ലാവരും ആഗ്രഹിക്കും.**

(ഷിബു പുളിക്കലച്ചന്റെ ഉടൻ പ്രസിദ്ധീകരിക്കാൻ പോകുന്ന, 'ഇത് നിങ്ങളാണോ?' എന്ന പുസ്തകത്തിൽ നിന്ന്)

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഉയിർപ്പുകാലത്തേക്കു നാം പ്രവേശിക്കുകയാണ്. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമാണ് മിശിഹായുടെ ഉത്ഥാനം. "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). രക്ഷാകരപ്രവർത്തനത്തിന്റെ ലക്ഷ്യം പാപംമൂലം മനുഷ്യകുലത്തിനു നഷ്ടപ്പെട്ട ദൈവാരൂപിയെ വീണ്ടെടുക്കുക എന്നതായിരുന്നു. മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോൾ ദൈവം തന്റെ അരൂപിയെ അവനിലേക്ക് നിശ്വസിച്ചു. അതിന്റെ ഫലമായി അവൻ (ദൈവിക)ജീവനുള്ളവനായി (ഉല്പ 2,7). എന്നാൽ പാപംമൂലം ആ ദൈവാരൂപിയെ അവൻ നഷ്ടപ്പെടുത്തി (ഉല്പ 6,1-8). നിത്യജീവനു നിദാനമായ ദൈവാരൂപിയെ അവനു വീണ്ടും ലഭിച്ചത് മിശിഹായുടെ മഹത്ത്വീകരണത്തിലൂടെയാണ് (യോഹ 7,37-39). ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അരുളിച്ചെയ്തു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,22). മിശിഹായുടെ നിശ്വസനത്തിലൂടെ മനുഷ്യകുലത്തെ നിത്യജീവനിലേക്കു നയിക്കുന്ന ഈ അരൂപിയെ നല്കുന്ന ശുശ്രൂഷകരാണ് പുരോഹിതർ. പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ നിരന്തരം നവീകരിക്കപ്പെട്ട്, ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്ത് ഈ ശുശ്രൂഷ നിർവഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ജനറൽ മേജർ ഫാദർ, മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ 2016 ജനുവരി 25-ാം തീയതി റോമിലേക്കും അവിടെനിന്ന് 30-ാം തീയതി ഈജിപ്തിലെ കയ്റോയിലേക്കും പോയി. ഫെബ്രുവരി 7ന് ഇന്ത്യയിൽ തിരിച്ചെത്തി. റോമിൽവച്ച് ജനുവരി 26 നു നടന്ന ഫെഡറേഷൻ മീറ്റിംഗിലും 27,28,29 തീയതികളിൽ നടന്ന ജനറൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിച്ചു. 2016 ഓഗസ്റ്റുമാസത്തിൽ നടക്കാനിരിക്കുന്ന ജനറൽ അസംബ്ലിക്കുള്ള ഒരുക്കങ്ങളായിരുന്നു ജനറൽ കൗൺസിലിന്റെ ചർച്ചാവിഷയം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകപിതാവ് ദൈവദാസൻ വില്യം ജകിീന്താ പിതാവിന്റെ ഭൗതികാവശിഷ്ടം റോമിലെ മഡോണാ ദേയി മോന്തി പള്ളിയിലേക്കു മാറ്റുന്നതു സംബന്ധിച്ചുള്ള ചർച്ചയാണ് ഫെഡറേഷൻ മീറ്റിംഗിൽ നടന്നത്. ജനുവരി 31 മുതൽ ഫെബ്രുവരി 6 വരെ കയ്റോയിൽ വച്ചുനടന്ന എക്യുമെനിക്കൽ അന്തർദ്ദേശീയ കമ്മിറ്റിയിലെ ഇപ്രാവശ്യത്തെ ചർച്ചാവിഷയം പ്രവേശനകൂദാശകളായിരുന്നു. കരുണയുടെ വർഷം പ്രമാണിച്ച് ചേപ്പുംപാറ മർത്ത് മറിയം പള്ളിയുടെ പാസ്റ്ററൽ സെന്ററിൽ വച്ചു എല്ലാ വെള്ളിയാഴ്ചകളിലും നടത്തിയ നോമ്പുകാല പ്രഭാഷണങ്ങൾക്ക് മല്പാൻ വെള്ളാനിക്കലച്ചൻ നേതൃത്വം കൊടുത്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# മണിമുത്തിന്റെ കഥ




**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഒരു ദിവസം രാവിലെ മുറ്റത്തേക്കിറങ്ങിയപ്പോൾ പുഷ്പിച്ചു ഫലം ചൂടിനില്ക്കുന്ന പയറുചെടി ശ്രദ്ധയിൽപ്പെട്ടു. അതെന്നെ അടുത്തേക്കു മാടി വിളിച്ചു. എന്തു പറയാനായിരിക്കും? ആകാംക്ഷയോടെ ഞാൻ അടുത്തുചെന്നു. മണിമുത്ത് തന്റെ കഥ പറഞ്ഞുതുടങ്ങി. ഒരിക്കൽ എന്റെ ഉടമസ്ഥൻ കുറെ പയറുമണികൾ പറിച്ചെടുത്തു. അടുക്കളയിലെത്തിയപ്പോൾ അതിൽനിന്നും എന്നെ വേർതിരിച്ച് ഒരു മൂലയിലേക്കു മാറ്റിവച്ചു. മറ്റുമണികൾ സ്വാദിഷ്ടമായ ഭക്ഷണമാക്കി ഉടമസ്ഥന്റെ ഭക്ഷണമേശയിൽ വിളമ്പി. ഞാൻ വിചാരിച്ചു അവർക്കൊക്കെ ജീവിതസാഫല്യമുണ്ടായി. ഞാൻ ... ഞാൻമാത്രം ... നഷ്ടബോധത്തോടെ ആയിരിക്കുമ്പോൾ അദ്ദേഹം എന്നെ എടുത്ത് അടുപ്പിനടുത്തേക്ക് എറിഞ്ഞു... ഹൊ! എന്തൊരു ചൂട്! ഞാൻ വിചാരിച്ചു എന്റെ കഥ കഴിഞ്ഞെന്ന് ... ഉണങ്ങി പാകമായപ്പോൾ അദ്ദേഹം എന്നെ കൈകളിൽ എടുത്തു തിരിച്ചുമറിച്ചും നോക്കി. ഭൂമിയമ്മയുടെ മടിയിൽ ഒരു മുറിവുണ്ടാക്കി എന്നെ അതിൽ നിക്ഷേപിച്ചു. മണ്ണുകൊണ്ട് എന്നെ മൂടി. ഹൊ! ശ്വാസം മുട്ടുന്നു ... തീർന്നു... അതെന്റെ ശവക്കുഴിയാണെന്നു ഞാൻ കരുതി. പക്ഷേ ... ഭൂമിയമ്മ തന്റെ മുറിവിലൂടെ എനിക്കു വായു നല്കി... ചുറ്റുമുള്ള ജലത്തിൽനിന്നും സ്വീകരിച്ച്

എനിക്ക് ഈർപ്പം നൽകി. ഹായ്! എന്തൊരാ ശ്വാസം! അങ്ങനെയിരിക്കെ ഞാൻ വികസിച്ചു വലുതാകാൻ തുടങ്ങി. പൊട്ടിപ്പോകുമോ എന്ന് ഞാൻ ഭയപ്പെട്ടു. പൊട്ടാതിരിക്കാൻ പരമാവധി ശ്രമിച്ചുനോക്കി. അതെ, ആ സമയവും വന്നെത്തി. ഒരു ദിവസം എന്റെ പുറംതോടു പൊട്ടി. എന്തൊരു വേദന! വേദനയുടെ നിമിഷത്തിൽ ഒരു കാര്യം ഞാൻ തിരിച്ചറിഞ്ഞു... എന്നിൽ നിന്നും ഒരു പുതുനാമ്പ് പൊട്ടിപുറപ്പെട്ടിരിക്കുന്നു. ഭൂമിയമ്മ തന്റെ മുറിവിലൂടെ എന്നെ പുറത്തേക്കു വരാൻ അനുവദിച്ചു... ഉദയസൂര്യന്റെ പ്രഭ അപ്പോഴാണ് ഞാൻ അനുഭവിച്ചറിയുന്നത്... ഹായ് ... എന്തൊരു പ്രകാശം ! ഞാൻ ചുറ്റും അത്ഭുതത്തോടെ നോക്കി. അവിടനിന്നും പൂർണമായി പുറത്തേക്കു വരാനും ഉയരങ്ങളിലേക്കു പറക്കാനും ഞാൻ ആഗ്രഹിച്ചു. പക്ഷേ... ഭൂമിയമ്മ സമ്മതിച്ചില്ല. അമ്മ പറഞ്ഞു "നോക്കൂ മോളെ, നിന്റെ അടുത്തുനില്ക്കുന്ന കാന്താരി ച്ചെടിയെ കണ്ടോ? എന്തേ അതു വാടിപ്പോയി? എന്റെ മടിയിൽനിന്നും പൂർണമായി വിച്ഛേദിക്കപ്പെട്ടുപോയതുകൊണ്ട് അതിനു വെള്ളവും ഭക്ഷണവും സ്വീകരിക്കാനായില്ല. എന്റെ മോൾക്ക് ആ ഗതി വരരുത്". ഭൂമിയമ്മ എന്നെ ശക്തമായി താങ്ങി... എന്റെ വേരുകൾ സ്വതന്ത്രമായി ഓടാൻ അനുവദിച്ചു. അതനുസരിച്ച് ഉയരങ്ങളിലേക്കും ഞാൻ വളർന്നു. ഇതാ, ഇന്നെന്റെ ജീവിതം സഫലമായി. ഞാൻ ഇല്ലാതായപ്പോൾ, എന്റെ തോടുപൊട്ടാൻ അനുവദിച്ചപ്പോൾ നൂറായിരം പയറുമണികൾ എന്നിൽനിന്നും പുറപ്പെട്ടു. അതിനു ദൈവം അനുവദിച്ചു, അനുഗ്രഹിച്ചു. ഒറ്റശ്വാസത്തിൽ മണിമുത്ത് തന്റെ കഥ പറഞ്ഞു നിർത്തി. "ഗോതമ്പുമണി നിലത്തു വീണഴിയുന്നില്ലെങ്കിൽ അതു തനിയെ ഇരിക്കും. അഴിയുന്നെങ്കിലോ അതു ധാരാളം ഫലം പുറപ്പെടുവിക്കും". ഈശോ വീണഴിയാൻ അനുവദിച്ചപ്പോൾ ഉയിർപ്പിന്റെ പ്രഭാതം പൊട്ടിവിടർന്നു. അനേകായിരങ്ങൾക്കു ജീവൻ പകർന്നു നൽകി. അതേ സഹോദരങ്ങളേ, സഭയാകുന്ന അമ്മയുടെ മടിത്തട്ടിൽ വചനമാകുന്ന വളം സ്വീകരിച്ച് കൂദാശകളാകുന്ന ഈർപ്പം ഉൾക്കൊണ്ടുകൊണ്ട് വികസിച്ചു വളർന്ന് പുറംതോടു പൊട്ടിച്ചു നമുക്കും പുറത്തുകടക്കാം. സ്വയം ഇല്ലാതായിക്കൊണ്ട് അനേകായിരങ്ങൾക്ക് ജീവൻ നൽകാം. ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ!




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

വിശുദ്ധരോടൊപ്പം

# സകല വിശുദ്ധരുടെ തിരുനാൾ

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ആ**കാശത്തിലേക്ക് ഒന്നു നോക്കിക്കേ... കാണുന്നില്ലേ... കോടാനുകോടി നക്ഷത്രങ്ങളെ... എണ്ണിയാൽ തീരാത്തതുകൊണ്ടാ അവയെ അസംഖ്യമെന്നു വിളിക്കുന്നത്...
അസംഖ്യത്തിൽ എത്രയെണ്ണത്തിന്റെ പേരറിയാം...? വളരെ വളരെ കുറച്ച്... വിരലിലെണ്ണാവുന്നതിലും വിരളമായി... പേരിട്ട് വിളിക്കാത്തതുകൊണ്ട് മറ്റുള്ളവയൊന്നും നക്ഷത്രമല്ലാതാവുന്നുണ്ടോ...
എല്ലാറ്റിനേയും നക്ഷത്രശോഭയോടെ നമ്മൾ വിളിക്കും. നക്ഷത്രം!!!

ഇനി മനമുയർത്തി മിഴിയുയർത്തി ആകാക്ഷമോക്ഷത്തിലേക്കു നോക്കിക്കേ...

കാണുന്നില്ലേ വിശുദ്ധ നക്ഷത്രങ്ങളേ... ഉദയസൂര്യന്റെ ഉദയശോഭയെക്കാൾ പതിന്മടങ്ങ് പ്രഭയോടെ പ്രകാശം പ്രസരിപ്പിച്ച് നമ്മേ നോക്കി പുഞ്ചിരിതൂകുന്ന അസംഖ്യം വിശുദ്ധർ!!!
അവരും അസംഖ്യമാണ്!!!
ചിലരെയൊക്കെ പേരിട്ടുവിളിച്ച് വിശുദ്ധരായി അൾത്താരയിൽ വണങ്ങപ്പെടുന്നു...
വളരെ വളരെ കുറച്ചുമാത്രം!
വിരലിലെണ്ണാൻ പോലുമില്ല...!!
ആരാലും അറിയപ്പെടാത്തവർ അനവധി..........
അനുനിമിഷം ദൈവഹിതം നിറവേറ്റി സമരസഭയിലൂടെ, സഹനസഭയിലൂടെ വിജയസഭയിലെത്തി വിശുദ്ധരായി തീർന്നവരാണിവർ...
നമ്മുടെ പ്രിയപ്പെട്ടവർ തന്നെ അക്കൂട്ടത്തിലില്ലേ... അതുകൊണ്ടാ ഫ്രാൻസീസ് മാർപാപ്പ പറഞ്ഞത് "മക്കളെ വളർത്തുന്ന അമ്മയിൽ, കുടുംബത്തിന്റെ ആഹാരത്തിനായി അദ്ധ്വാനിക്കുന്നപിതാവിൽ, ഏറെ മുറിവുകളുണ്ടായിട്ടും കർത്താവിനെ ശുശ്രൂഷിച്ചതിന്റെ പേരിൽ പുഞ്ചിരിക്കുന്ന വൃദ്ധ വൈദികരിൽ, കഠിനാദ്ധ്വാനം ചെയ്യുകയും ആരോരുമറിയാതെ വിശുദ്ധി ജീവിക്കുകയും ചെയ്യുന്ന കന്യാസ്ത്രികളിൽ..."

അതെ, അവർ സാധാരണക്കാരായിരുന്നു...
സാധാരണ അപ്പൻ...
അസാധാരണത്വം ഒട്ടുമേ ഇല്ലാത്ത അമ്മ...
സഹജരിൽനിന്നും ഒട്ടും വ്യത്യാസമില്ലാത്ത സഹോദരൻ, സഹോദരി...
അതുല്യ വ്യക്തിപ്രാഭവം ഉള്ളതും ഇല്ലാത്തവരുമായ അഭിഷിക്തർ...അർപ്പിതർ... കുഞ്ഞുങ്ങൾ...
അവരുടെ ജീവിതാന്തസ്സുകൾ വ്യത്യസ്തമായിരുന്നു... എങ്കിലും അവർ വിശുദ്ധരായി...
വിശ്വാസത്തിനു വേണ്ടി ധീരരക്തസാക്ഷിത്വം വരിച്ചു...

അനുദിന ജീവിതത്തിലെ നിസ്സാരകാര്യങ്ങളിൽ വിശുദ്ധരായി... അദ്ധ്വാനത്തിൽ ആനന്ദം കണ്ടെത്തി... ആയുസ്സിന്റെ ഓരോ നിമിഷത്തിലും ദൈവേഷ്ടം അവരുടെ ഇഷ്ടമായിരുന്നു... അവരുടെ പ്രമാണം സ്നേഹമായിരുന്നു... അവരുടെ പറുദീസാ ദൈവഹിതമായിരുന്നു. അങ്ങനെ അവർ ദൈവികരായി... വിശുദ്ധരായി... എന്റെ മുമ്പിൽ വിശുദ്ധിയിലേക്കുള്ള യാത്രയിൽ ജ്വലിക്കുന്ന മൺചിരാതുകളായി...

എനിക്കും വിശുദ്ധനാകാമെന്ന് ഉറപ്പുനല്കി... വചനത്തിലൂടെ അവർ എന്നോടു പറഞ്ഞു "തന്റെ മുമ്പിൽ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു...

വിശുദ്ധിയിലേക്കുള്ള തങ്ങളുടെ വിളി ജീവിച്ച വിശുദ്ധരെ ഓർക്കാനുള്ള വിശുദ്ധ ദിനമാണ് സകലവിശുദ്ധരുടേയും തിരുനാൾ...

സീറോമലബാർസഭ സകല വിശുദ്ധരുടേയും തിരുനാൾ കൊണ്ടാടുന്നത് ഉയിർപ്പുതിരുനാളിനുശേഷം ആദ്യം വരുന്ന വെള്ളിയാഴ്ചയാണ്. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ പങ്കുചേർന്നിരിക്കുന്നവർ എന്ന നിലയിൽ വിശുദ്ധരുടെ തിരുനാൾ ഈ ദിവസം ആഘോഷിക്കുന്നത് യുക്തമാണ്. കുരിശും ഉയിർപ്പും തമ്മിലുള്ള ബന്ധം സ്ഥാപിക്കാനാണ് പൗരസ്ത്യ പിതാക്കന്മാർ ഈ തിരുനാൾ ആചരണത്തിലൂടെ ആഗ്രഹിക്കുന്നത് (ആരാധനക്രമത്തിന് ആമുഖം, പേജ് 51). ഇങ്ങനെ നോക്കുമ്പോൾ ഈ വർഷത്തെ സകല വിശുദ്ധരുടെയും തിരുനാൾ ഏപ്രിൽ ഒന്നാം തീയതിയാണ് ആഘോഷിക്കപ്പെടുന്നത്.

സ്വർഗ്ഗീയ മണിമന്ദിരത്തിൽ ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റുമിരുന്നുകൊണ്ട് അസംഖ്യം വിശുദ്ധർ തങ്ങളുടെ മാതൃകകൾ അനുകരിക്കാൻ നമ്മെ ക്ഷണിക്കുന്ന ഈ അവസരത്തിൽ നമുക്ക് പരസ്പരം ഈ തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കാം. കാരണം, വിശ്വാസികളായ നമ്മെ എല്ലാവരേയും വി. പൗലോസ് അപ്പസ്തോലൻ വിശുദ്ധർ എന്നാണ് വിശേഷിപ്പിക്കുന്നത്. "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല; വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്" (എഫേ 2:19).

ദൈവത്തിന്റെ പരമാവധി സ്നേഹത്തിന് ക്രിസ്തുവിനേപ്പോലെ അതിന്റെ തികവിൽ മറുപടി കൊടുക്കുന്നു എന്നു പറയാൻ ഒരു മനുഷ്യനും സാധ്യമല്ല. എന്നാൽ അവനവന്റെ കഴിവിന്റെ പരമാവധിയിൽ ആത്മാർത്ഥതയോടെ, പൂർണ്ണതയിലേക്ക്, സ്നേഹത്തിന്റെ തികവിലേക്ക് നടന്നടുക്കുവാൻ പരിശ്രമിക്കുന്ന ഏതൊരു വ്യക്തിയും വിശുദ്ധനാണ്. വരുവാനിരിക്കുന്ന ജീവിതത്തെ മുന്നിൽ കണ്ടുകൊണ്ട് ഇന്നിന്റെ തികവിൽ ജീവിക്കുന്നവനാണ്. തനിക്കുള്ളതു മുഴുവൻ സാധ്യമാകുന്ന വിധത്തിൽ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവനാണ്. മനുഷ്യനിൽ മനുഷ്യനാണ്. ദൈവത്തേയും മനുഷ്യനേയും ആവശ്യമുള്ളവനാണ്. മാനുഷികതയും ദൈവികതയും കണ്ടുമുട്ടുന്ന സ്ഥലവുമാണവൻ. നമ്മുടെ ഈലോക പ്രശ്നങ്ങൾക്ക് ദൈവത്തിന്റെ മറുപടിയാണ് വിശുദ്ധൻ.

ഈ അവസരത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ സ്മരണീയമാണ്. സഭയെ നവീകരിക്കുന്നവരെക്കാൾ സഭയ്ക്കിന്നാവശ്യം വിശുദ്ധരെയാണ്. വിശുദ്ധരാണ് യഥാർത്ഥത്തിൽ നവീകരണത്തിന്റെ മാതൃകകൾ. സഭയുടെ ഏറ്റവും വലിയ നവീകരണഘട്ടങ്ങളെല്ലാംതന്നെ വിശുദ്ധരുടെ മാതൃകയാലും വിശുദ്ധിയുടെ പ്രസ്ഥാനങ്ങളാലും അലംകൃതമായിരുന്നു.

നമ്മൾ ഓരോരുത്തരും പങ്കുചേരേണ്ടതും പ്രചരിപ്പിക്കേണ്ടതും നാം ജീവിക്കേണ്ടതുമായ ഒന്നാണ് വിശുദ്ധയിലേക്കുള്ള നമ്മുടെ വിളി. ഇത് എല്ലാ ക്രിസ്ത്യാനികൾക്കുമുള്ള വിളിയാണ് (2-ാം വത്തിക്കാൻ കൗൺസിൽ, തിരുസ്സഭ നമ്പർ 5). ഇത് മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും ദൈവം വാഗ്ദാനം ചെയ്ത പ്രത്യേക അനുഗ്രഹമാണ് (എഫേ 4:7). വി. ഫ്രാൻസിസ് സാലസ് പറയുന്നു: "കുടുംബത്തിലോ ജോലിസ്ഥലങ്ങളിലോ പ്രത്യേകമായ സാഹചര്യങ്ങളിലോ വ്യാപരിക്കുന്ന ഏതൊരു വ്യക്തിയുടെയും കടമയാണ് വിശുദ്ധിയിലേക്കുള്ള തന്റെ വിളിക്കനുസൃതമായി ജീവിക്കുക എന്നത്".


നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധരായി ജീവിക്കുവാനുള്ള ധീരത നമുക്കുണ്ടെങ്കിൽ ഒരു നവലോകത്തിന്റെ പ്രതീക്ഷകളായിരിക്കും നമ്മൾ.. വിശുദ്ധരായി ആരും ജനിക്കുന്നില്ല. പ്രത്യുത, വിശുദ്ധിയിലെത്തിച്ചേർന്നവർ ഈ ലോക ജീവിതയാത്രയിലൂടെ നടന്നുനീങ്ങി വിശുദ്ധരായിത്തീർന്നവരാണ്. അതുകൊണ്ട് സകലവിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ നമ്മളോരോരുത്തരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ഉൾക്കൊള്ളാം. അതു നമുക്കു സാധിക്കും എന്ന പ്രതീക്ഷയോടുകൂടി അതിനായി പരിശ്രമിക്കുന്നതിനുള്ള പ്രതിജ്ഞ നമുക്കെടുക്കാം.

എല്ലാവർക്കും സകലവിശുദ്ധരുടെയും തിരുനാളിന്റ ആശംസകൾ!!!

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# 'ശെമയോനേ, നീ കോപ്പയാകുന്നു'

ഷിനി തെരേസ് മുതുപ്ലാക്കൽ



"**ശെമയോനേ,** നീ കോപ്പയാകുന്നു."

''ശ്ശോ! എന്തായീപ്പറയുന്നത്... ജോസൂട്ടിയേ, ഈ ചെറിയാൻ ചേട്ടന്റെ ചൊറിയുന്ന നാക്ക് നമ്മുടെ നാടകത്തിന്റെ മരിച്ചടക്ക് നടത്തുമെന്നാ തോന്നുന്നത്".

"മാത്യൂസിനോട് ഞാനപ്പഴേ പറഞ്ഞതല്ലേ ചെറിയാൻചേട്ടൻ വന്നാൽ അരങ്ങേറ്റത്തിനുമുമ്പ് നാടകത്തിന്റെ അകാലമരണം കാണേണ്ടിവരുമെന്ന്".

"എന്താ രണ്ടുപേരുംകൂടി പിറുപിറുക്കുന്നത്?"

"അല്ല... അതുപിന്നെ... ചെറിയാൻചേട്ടൻ പറഞ്ഞ ഡയലോഗിൽ ചെറിയൊരു അക്ഷരപ്പിശകുണ്ടെന്നു പറയുകയായിരുന്നു".

''ഊം... എനിക്കു മനസ്സിലായി... ഞാനൊരു പിശകും വരുത്തിയിട്ടില്ല പിള്ളേരേ. ആ ഡയലോഗ് അങ്ങനെതന്നെ പറയണം. നിങ്ങളു പറയ്, കേപ്പാ എന്ന വാക്കിന്റെ അർത്ഥമെന്താ?"

"പാറ".

''പാറ പൊട്ടിച്ച് കുളം കുത്താൻ കുറേ പണിത ജോസൂട്ടിയോട് അതിന്റെ

ബലത്തെക്കുറിച്ച് ഞാൻ പറയേണ്ട കാര്യമില്ലല്ലോ. പിന്നെ, ഈ കോപ്പ എങ്ങനെയാ ഉണ്ടാക്കുന്നതെന്ന് അറിയാമോ?"

"അത് ഈ മണ്ണും പിന്നെ..."

"അറിയാൻമേലേൽ വിശദീകരിച്ച് ബുദ്ധിമുട്ടണ്ട. പക്ഷേ, കോപ്പ താഴെവീണാൽ എങ്ങനെയിരിക്കും?"

"നല്ലൊരു ശബ്ദവും കേൾക്കാം. തവിടുപൊടിയായി കിടക്കുന്നതും കാണാം. പക്ഷേ അതും ചെറിയാൻചേട്ടന്റെ ഡയലോഗും തമ്മിലുള്ള ബന്ധമാ മനസ്സിലാകാത്തത്... അല്ലേ മാത്യൂസേ".

"എന്റെ പിള്ളേരേ, ഈ ശെമയോൻ ആരാ? കർത്താവിന്റെ ആദ്യശിഷ്യന്മാരിൽ ഒരാൾ; നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നും ആരൊക്കെ ഉപേക്ഷിച്ചാലും ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ലെന്നും ഈശോയോട് പറഞ്ഞവൻ; കർത്താവ് തന്റെ സഭ സ്ഥാപിക്കുമെന്നു പറഞ്ഞ പാറ! എന്നിട്ട് ഈ ശെമയോൻ എന്നാ പണിയാ കാണിച്ചത്... ഈശോയെ എല്ലാരുംകൂടെ പിടിച്ചോണ്ടു പോകാനായി വന്നപ്പോൾ സ്ഥലം വിട്ടില്ലേ... ഈശോയോടുകൂടെ കൂടുന്നതിനുമുമ്പ് മീനിന്റെ ചെകിളവെട്ടി ശീലമുള്ളതുകൊണ്ട് അവരിലൊരുത്തന്റെ ചെവി വെട്ടിത്താഴെയിട്ടെന്നുള്ളതു ശരിയാ. പക്ഷേ സ്വന്തം ഗുരുവിനെ തള്ളിപ്പറഞ്ഞില്ലേ, അതും മൂന്നു വട്ടം! ഈശോ മരിച്ചുകഴിഞ്ഞപ്പോഴോ, ഇനി ആരെയും കാത്തിരുന്നിട്ടു കാര്യമില്ലെന്നു മനസ്സിലാക്കി പണ്ടത്തെ വള്ളോം വലേം തപ്പിയെടുത്ത് കൂട്ടുകാരെയുംകൂട്ടി പഴേ പണിക്കിറങ്ങുവേം ചെയ്തു. അപ്പോൾ എവിടെപ്പോയി ശെമയോന്റെ വിശ്വാസം...? കോപ്പ താഴെപ്പോയതുപോലെ ധിം! തവിടുപൊടി!! അപ്പൊപ്പിന്നെ ശെമയോനേ, നീ കോപ്പയാകുന്നു എന്നുതന്നെയല്ലേ പറയേണ്ടത്...?"

"എന്റെ പൊന്നു ചെറിയാൻചേട്ടാ ശെമയോൻ പത്രോസും നമ്മളെപ്പോലെതന്നെ ഒരു മനുഷ്യനല്ലായിരുന്നോ? അതുമാത്രമല്ല, ഉത്ഥിതനായ ഈശോയെ അനുഭവിച്ചറിഞ്ഞ പത്രോസ്ശ്ലീഹാ പിന്നീടുള്ള ജീവിതം മുഴുവൻ പശ്ചാത്താപത്തിന്റെ ജീവിതമല്ലേ നയിച്ചത്. ഈശോയെ തള്ളിപ്പറഞ്ഞതോർത്ത് ജീവിതകാലംമുഴുവൻ പത്രോസ്ശ്ലീഹാ കരഞ്ഞെന്നാ ചരിത്രം പറയുന്നത്. ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടപ്പോൾ അവർ അദ്ദേഹത്തിനും കുരിശുമരണമാണ് വിധിച്ചത്. എന്നാൽ ഈശോയെപ്പോലെ മരിക്കാൻ തനിക്ക് യോഗ്യതയില്ലെന്നു പറഞ്ഞ് കുരിശിൽ തലകീഴായ് തറയ്ക്കപ്പെട്ടാ പത്രോസ്ശ്ലീഹാ മരണം വരിച്ചത്".

"മാത്യൂസ് പറഞ്ഞതു ശരിയല്ലേ ചെറിയാൻചേട്ടാ... ഞാൻ വേറൊരു കാര്യവുംകൂടി ചിന്തിച്ചു. നമ്മളെപ്പോലെ ഒരു മനുഷ്യനായ പത്രോസ്ശ്ലീഹാ പശ്ചാത്താപത്തിനു ശേഷം നയിച്ച ജീവിതം നമ്മളും കണ്ടുപഠിക്കേണ്ടേ? ദൈവംതമ്പുരാനു ചേരാത്തതായി എന്തൊക്കെ നമ്മളു ചെയ്തുകൂട്ടുന്നുണ്ട്? പക്ഷേ ആഴമേറിയ ഒരു പശ്ചാത്താപവും മാനസാന്തരവും നമുക്കുണ്ടാകുന്നുണ്ടോ? തള്ളിപ്പറഞ്ഞതിനുശേഷം പത്രോസ്ശ്ലീഹാ ഈശോയുടെ മുഖത്തേക്കു നോക്കിയതുകൊണ്ടല്ലേ അദ്ദേഹത്തെ പശ്ചാത്താപത്തിലേക്കു നയിച്ച ഈശോയുടെ നോട്ടം കണ്ടത്. ഇപ്പോൾ പലർക്കും ദൈവസാന്നിദ്ധ്യാവബോധവുമില്ല, പാപബോധവുമില്ല. പിന്നെങ്ങനെ സ്നേഹം തുളുമ്പുന്ന ദൈവത്തിന്റെ മുഖത്തോടു നോക്കുകയും ആ സ്നേഹത്തിനെതിരായി പാപംചെയ്തതിൽ പശ്ചാത്തപിക്കുകയും ചെയ്യും?"

"അപ്പോൾ പിള്ളേർക്ക് കാര്യങ്ങളേതാണ്ടൊക്കെ അറിയാം. നിങ്ങളെങ്ങനെയാ പ്രതികരിക്കുന്നതെന്ന് ഞാനൊന്നു പരീക്ഷിച്ചുനോക്കിയതല്ലേ... രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ നിരാശരായ ശ്ലീഹന്മാർക്ക് വള്ളം നിറയെ മീനുംകൊടുത്ത് കരയിൽ പ്രാതലും ഒരുക്കിവച്ച ഈശോ ഇന്നും ജീവിക്കുന്നുണ്ടെന്ന വിശ്വാസമല്ലേടാ മക്കളേ, എന്റെ പ്രാരാബ്ധങ്ങൾക്കിടയിലും എന്നെ മുന്നോട്ടു നയിക്കുന്ന ശക്തി. എന്നാപ്പിന്നെ നമുക്ക് റിഹേഴ്സൽ തുടരാം... ശെമയോനേ, നീ കേപ്പായാകുന്നു. ഈ കേപ്പാമേൽ..."



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ബെറ്റി കച്ചിറ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം. വിശ്വാസമാണ് എല്ലാറ്റിലും വലുത്. ദൈവം നമ്മിൽ വിശ്വാസം നിറച്ച് അനുദിനം പൂർണഹൃദയത്തോടെ സ്നേഹിക്കുന്നു. നമുക്കു പ്രാർത്ഥിക്കാം, പിതാവായ ദൈവത്തിന്റെ നേർക്കുള്ള സ്നേഹവും വിശ്വാസവും ഒരിക്കലും അവസാനിക്കാതെ എന്നും വിശ്വാസത്തിൽ ഒന്നായിരിക്കാനുള്ള കൃപ പരി. അമ്മവഴി ഞങ്ങൾക്കു നല്കണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ

**രണ്ടാം ദിവ്യരഹസ്യം:**

പ്രത്യാശയോടെ ജീവിതത്തെ നേരിട്ട പരി. അമ്മയെ നമുക്കു ധ്യാനിക്കാം. ഒരാത്മാവ് രക്ഷിക്കപ്പെട്ട് നിത്യമായി സ്വർഗത്തിൽ എത്തിച്ചേരുന്നതും, നല്ലപിതാവായ ദൈവം നമ്മെ കാത്തിരുന്നു സ്വീകരിക്കുന്നതും നമുക്കു സ്വപ്നം കാണാം. നമുക്കു പ്രാർത്ഥിക്കാം, ഓരോ ദിവസവും നിത്യജീവിതത്തെ മുന്നിൽ കണ്ടുകൊണ്ട് ഹൃദയത്തിൽ ദൈവത്തിനു നന്ദിപറഞ്ഞു ജീവിക്കാനുള്ള കൃപ പരി. അമ്മ വഴി ഞങ്ങൾക്കു നേടിത്തരണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ

**മൂന്നാം ദിവ്യരഹസ്യം:**

പരിശുദ്ധാത്മനിറവിൽ ജീവിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം. പരിശുദ്ധാത്മാവു നമ്മുടെ ഹൃദയത്തിൽ വന്നു നിറയുമ്പോൾ നമ്മുടെ ഹൃദയവയൽ ഫലംചൂടും. കാരണം ഒരു വയലിലെന്നപോലെ പരി.ആത്മാവു നമ്മുടെ ഹൃദയങ്ങളിൽ അനുദിനം വേലചെയ്യുന്നു. അവനാൽ നയിക്കപ്പെടാനായി നമുക്കു വിട്ടുകൊടുക്കാം. നമുക്കു പ്രാർത്ഥിക്കാം. സഭാമക്കൾ സഭയോട് ഒന്നുചേർന്ന് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വേലചെയ്യുവാൻ വേണ്ട അനുഗ്രഹം പരി. അമ്മവഴിയായി ഞങ്ങൾക്കു നേടിത്തരണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ

**നാലാം ദിവ്യരഹസ്യം:**

പാപികളുടെ സങ്കേതമായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

നമ്മുടെ ഹൃദയത്തിൽനിന്നും നഷ്ടപ്പെട്ടുപോകുന്ന ദൈവസ്നേഹത്തെ തിരികെ നേടിയെടുക്കാൻ പരി. അമ്മ ഓരോ പാപിയെയും സഹായിക്കുന്നു. പാപികളുടെ സങ്കേതമാണവൾ. നമുക്കു പ്രാർത്ഥിക്കാം. പാപികളായി മരിച്ച വിശ്വാസികളുടെയും ഞങ്ങളിൽ നിന്നും മരണംമൂലം അകന്ന എല്ലാ വ്യക്തികളുടെയും ആത്മശാന്തിക്കുവേണ്ടി പരി. അമ്മ വഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ

**അഞ്ചാം ദിവ്യരഹസ്യം:**

സുകൃതാലംകൃതയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം. പരി. അമ്മ മാധുര്യവും കാരുണ്യവും സ്നേഹവും നിറഞ്ഞ ഹൃദയമുള്ളവളാണ്. അവൾ നമ്മുടെ സന്തോഷം കാണാനാഗ്രഹിക്കുന്നവളാണ്. നമ്മുടെ പശ്ചാത്താപം അതിനാവശ്യമാണ്. നമുക്കു പ്രാർത്ഥിക്കാം, മരിയഭക്തിയും പരിശുദ്ധാത്മദാനഫലങ്ങളും ഞങ്ങളിൽ നിറഞ്ഞ് അങ്ങേയ്ക്കും അങ്ങേ പുത്രനും അനുയോജ്യമായി ജീവിക്കാനുള്ള കൃപാവരം പരി. അമ്മേ ഞങ്ങൾക്കു നേടിത്തരണമേ. 1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ



## Spirituality Centre Programme

**April**

- 8 Social Animators
- 9 Social Animators & School of Bible
- 12 Bible Study Forum
- 12-13 Cenacle Gathering (Sodales&Aspirants)
- 17-21 PSM Retreat for Children (12-18 years old)
- 24-28 PSM Retreat for Children (8-11 years old)
- 30 Recollection for Oblates

### മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ

# ജീവിതവിശുദ്ധീകരണധ്യാനം

2016 ഏപ്രിൽ 17-21
തീയതികളിൽ
12 മുതൽ 18
വയസ്സുവരെയുള്ള
കുട്ടികൾക്ക്

2016 ഏപ്രിൽ 24-28
തീയതികളിൽ
8 മുതൽ 11
വയസ്സുവരെയുള്ള
കുട്ടികൾക്ക്

ഞായറാഴ്ച 5.00 p.m. മുതൽ
വ്യാഴാഴ്ച 8.30 a.m. വരെ
ഫീസ് 800 രൂപ



വിശദവിവരങ്ങൾക്ക്: 9544413690; 0481 2578192

RNI: KERMAL 15541/11/1/2014-TC
Reg. No: KERMAL/2014/59983

Pratheekshayude Poomottukal
(Malayalam Monthly)
Published: March 2016

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഉത്ഥിതനീശോ മിശിഹായേ
വലതുകരം നീ നീട്ടണമേ
ആരാധകരാം പാപികൾതൻ
പാപകടങ്ങൾ പോക്കണമേ
പാവനരാക്കിത്തീർക്കണമേ
നിൻ സ്തുതി ഞങ്ങൾ പാടിടുവാൻ"

(ഉയിർപ്പുകാലം, ഞായർ-എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal